# ക്വുർആനിലെ പ്രാർഥനകൾ

# ക്വുർആനിലെ പ്രാർഥനകൾ

●

യുവത ബുക്ഹൗസ്

MALAYALAM
TITLE : **QUR'ANILE PRARTHANAKAL**
AUTHOR: ABOOBACKER KARAKKUNNE
COVER : SALIH & MUJEEB KOKKUR
FIRST EDITION:  SEP 1999
SECOND EDITION: FEB 2002
THIRD EDITION:  DEC 2009
DTP: MICROPRINT,  CALICUT-2
PRINTING:  KAIRALI OFFSET PRINTS,  CLT-2
PRICE:  RS. 30.00
YBH : 148. C 2000
COPYRIGHT RESERVED WITH PUBLISHER
YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 0495 - 2701812

## ■ പ്രസാധകക്കുറിപ്പ്

പ്രാർഥന ആരാധനയുടെ കാതലാണ്. പ്രാർഥനാഭാവം ജീവിതത്തിന്റെ അനിവാര്യ തേട്ടമാണെന്ന് വിശുദ്ധ ക്വുർആൻപറയുന്നുണ്ട്. പ്രാർഥനക്ക് കൃത്യമായ ചിട്ടയും രൂപവും ഇസ്‌ലാം പഠിപ്പിക്കുന്നുമുണ്ട്. പ്രാർഥനയുടെ ഉദ്ദേശ്യവും മഹത്വവും വിവരിക്കുന്ന ഈ ചെറുകൃതിയിൽ ക്വുർആനിലെ പ്രാർഥനകൾ അടുക്കിവെച്ചിരിക്കുന്നു. മനപ്പാഠമാക്കി ജീവിതത്തിൽ പകർത്തേണ്ടതാണ് അവയോരോന്നും. വിശ്വാസികൾക്ക് ഈ കൃതി ഒരു മുതൽക്കൂട്ടായിരിക്കും.

കോഴിക്കോട് — **ഡയറക്ടർ**

20-12-09 — യുവത

# ദുആ അഥവാ പ്രാർഥന

വിശുദ്ധ ക്വുർആനിലെ ‘ദുആ’ എന്ന പദത്തിനാണ് പ്രാർഥന എന്ന് അർഥം നൽകുന്നത്. ‘ദുആ’ഇന് വിളിക്കുക എന്നും വിളിച്ചു തേടുക എന്നും അർഥമുണ്ട്. വിളിച്ചുതേടുക എന്ന അർഥത്തിലാണ് പ്രാർഥന എന്നു പ്രയോഗിക്കുന്നത്. അഭൗതിക കേന്ദ്രത്തിൽ നിന്ന് സഹായലബ്ധിക്കായുള്ള വിളിച്ചുതേടലാണ് പ്രാർഥന.

പ്രാർഥന, മനുഷ്യന്റെ ദുർബലാവസ്ഥയുടെ നിദർശനമാണ്. മനുഷ്യൻ ബുദ്ധിമാനും എത്രതന്നെ ശക്തനും ആയിരുന്നാലും അവൻ പലനിലക്കും അശക്തനാണ്. പരിഹാരം ലഭിക്കാത്ത വിഷമഘട്ടങ്ങൾ ഉൾപ്പെടെ ജീവിതത്തിലെ പലഘട്ടങ്ങളിലും അവൻ അഭൗതിക കേന്ദ്രത്തിൽ നിന്ന് സഹായം പ്രതീക്ഷിക്കുന്നു. മനുഷ്യന് ഭാവിയെക്കുറിച്ച പ്രതീക്ഷയും പ്രത്യാശയും പ്രദാനം ചെയ്യുന്ന ശക്തമായ ആയുധമാണ് പ്രാർഥന. സർവലോകനാഥനായ അല്ലാഹുവെ ആശ്രയിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. എല്ലാ സന്ദർഭങ്ങളിലും അല്ലാഹു മാത്രമാണ് കാര്യങ്ങൾ സാധിപ്പിച്ചുതരുന്നത്. നിസ്സഹായനും പരാശ്രിതനുമായ മനുഷ്യൻ സർവശക്തനായ നാഥനെ ആശ്രയിക്കാൻ നിർബന്ധിതനാണ്. പ്രാർഥനാഭാവം ജീവിതത്തിന്റെ അനിവാര്യതേട്ടമാണെന്ന് വിശ്വാസവും മനുഷ്യപ്രകൃതിയും തെളിയിക്കുന്നു.“ മനുഷ്യരേ നിങ്ങളെല്ലാം അല്ലാഹുവോട് ആശ്രയത്വമുള്ളവരാണ്. പരാശ്രയമുക്തനും സ്തുത്യർഹനും അല്ലാഹു മാത്രമാണ്’’എന്ന് വിശുദ്ധ ക്വുർആൻ ബോധ്യപ്പെടുത്തുന്നു.(ഫാത്വിർ:15)

അതിനാൽ, നിസ്സഹായനും പരാശ്രിതനുമായ മനുഷ്യൻ സർവശക്തനായ നാഥനെ ആശ്രയിക്കുകയും അവനോട് പ്രാർഥിക്കുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു.

## പ്രാർഥിക്കാൻ കൽപ്പിക്കുന്നു

പ്രാർഥന മനുഷ്യന് അനിവാര്യമായ ഒരു കാര്യം എന്നതുപോലെ അതൊരു പുണ്യകർമം കൂടിയാണ്; അല്ലാഹു മനുഷ്യനോട് കൽപ്പിച്ച മഹത്തായ പുണ്യകർമം.

“നിങ്ങൾ എന്നോടു പ്രാർഥിക്കുവിൻ. ഞാൻ നിങ്ങൾക്ക് ഉത്തരം

നൽകാം എന്ന് നിങ്ങളുടെ നാഥൻ പറഞ്ഞിരിക്കുന്നു. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച''.(മുഅമിൻ:60)

സത്യവിശ്വാസിയുടെയും അവന്റെ രക്ഷിതാവിന്റെയും ഇടയിലുള്ള ഒരു മാധ്യമമായിരിക്കണം പ്രാർഥന. വിശ്വാസിയുടെ ജീവിതത്തിൽ ആദ്യവസാനമുണ്ടാകേണ്ട വിനയത്തിന്റെയും ആരാധനയുടെയും ഭാവമാകുന്നു പ്രാർഥന. അഹങ്കാരം തൊട്ടുതീണ്ടിയവൻ പ്രാർഥിക്കുകയില്ല. താൻ വിനീതമായ ദാസനാണെന്ന ബോധ്യം മനുഷ്യനെ പ്രാർഥനാനിരതനാക്കി മാറ്റുന്നു. പക്ഷേ, മനുഷ്യനുമിക്കപ്പോഴും ഈ ബോധം കൈമോശം വരുന്നു.

## പ്രാർഥനയാണ് ആരാധന

''എന്നെ ആരാധിക്കാതെ അഹങ്കരിക്കുന്നവൻ''എന്ന് ഉപരിസൂചിത ഖുർആൻ വാക്യത്തിൽ വിശേഷിപ്പിച്ചത് അല്ലാഹുവോട് പ്രാർഥിക്കാത്തവരെയാണ്. വിനയം മനുഷ്യത്വത്തിന്റെ മുഖമുദ്രയാക്കിയിട്ടില്ലാത്തവർ പ്രാർഥിക്കുന്നില്ലെന്നും പ്രാർഥനയാണ് ആരാധനയെന്നും ഈ വാക്യം പഠിപ്പിക്കുന്നു.

പ്രാർഥന വിനയത്തിന്റേയും വണക്കത്തിന്റെയും ഭക്തിയുടേയും പാരമ്യമാണ്.''പ്രാർഥന അതുതന്നെയാണ് ആരാധന'' എന്നും “പ്രാർഥനയാണ് ആരാധനയുടെ കാതൽ” എന്നും നബി(സ്വ)പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമത്രെ.

പ്രാർഥന അവിശ്വാസികൾക്ക് അനിഷ്ടകരമായിരിക്കുമെന്നും വിശുദ്ധക്വുർആൻ (ഗാഫിർ:14)പറയുന്നുണ്ട്. അഹങ്കാരികൾക്കും അവിശ്വാസികൾക്കും അഹിതകരമാണെങ്കിലും വിശ്വാസികൾക്ക് ഹൃദ്യവും മധുരതരവുമാണ്പ്രാർഥന. വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങൾ അയാൾ പ്രാർഥനാനിരതനായിരിക്കുന്ന സമയമാണെന്ന് വിശുദ്ധക്വുർആനിൽ നിന്നും ഹദീഥുകളിൽ നിന്നും ഗ്രഹിക്കാം.

## പ്രാർഥനയില്ലാതെ പരിഗണനയില്ല

പ്രാർഥനയാണ് ആരാധനയെന്ന് അല്ലാഹു പഠിപ്പിച്ചു. ആരാധന അല്ലാഹുവിന് മാത്രമേ പാടുള്ളൂ. ഏതൊരാളെയും അല്ലാഹു പരിഗണിക്കണമെങ്കിൽ പ്രാർഥന കൂടിയേ തീരൂ.

''നബിയേ പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്തു പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമത്രെ''.(ഫുർക്വാൻ:77)

അല്ലാഹുവോട് പ്രാർഥിക്കുന്നതിൽ വിമുഖത കാണിക്കുന്നത്

അഹങ്കാരവും സത്യനിഷേധവുമാണെന്ന് വ്യക്തമാക്കുന്ന ക്വുർആൻ വാക്യങ്ങളോട് ചേർത്തുപഠിക്കണം ഈ വാക്യം. പ്രാർഥിക്കാതിരിക്കുകയെന്നത് അല്ലാഹുവിന്റെ സഹായത്തെയും അനുഗ്രഹങ്ങളെയും നിഷേധിച്ചു തള്ളലായതിനാൽ പ്രാർഥിക്കാതിരിക്കുകയെന്നതിനു നിഷേധത്തിന്റെ ശിക്ഷ ലഭിക്കുമെന്ന് കൂടി മുന്നറിയിപ്പു നൽകുന്നു.

പ്രാർഥന വിശ്വാസിയുടെ ആയുധവും മതത്തിന്റെ സ്തംഭവും ആകാശഭൂമികളുടെ പ്രകാശവുമാണ്. വിശ്വാസിക്ക് പ്രാർഥന ആപത്തുകൾക്ക് പരിഹാരമാണ്. സംഭവിച്ച വിപത്തിലും ഇപ്പോൾ സംഭവിച്ചിട്ടില്ലാത്ത വിപത്തിലും പ്രാർഥന പ്രയോജനപ്പെടുന്നതാണ്( ത്വബ്റാനി, ഹാകിം) എന്ന് ഹദീസിൽ വന്നിട്ടുണ്ട്.

പ്രാർഥിച്ച് അല്ലാഹുവിന്റെ പരിഗണന ലഭിക്കാൻ സ്വയം സന്നദ്ധനും പ്രാപ്തനും ആകേണ്ടവനാണ് വിശ്വാസി. പ്രാർഥിച്ചാലും ഇല്ലെങ്കിലും വിധിപോലെ സംഭവിക്കും എന്നു സമാശ്വസിച്ച് പ്രാർഥനയിൽ താൽപര്യം പ്രകടിപ്പിക്കാത്ത വിശ്വാസികളെക്കുറിച്ച് പൂർവിക ഗ്രന്ഥങ്ങളിൽ ചർച്ച നടന്നിട്ടുണ്ട്. പ്രാർഥിച്ചാലും ഇല്ലെങ്കിലും അല്ലാഹു വിധിച്ചതുപോലെ സംഭവിക്കും എന്നു കരുതി പ്രാർഥിക്കാതിരിക്കുന്നതാണോ, വിധിയിൽ വിശ്വാസമർപ്പിക്കുന്നതോടൊപ്പം അല്ലാഹുവോട് പ്രാർഥിക്കുക കൂടി ചെയ്യുന്നതാണോ ഏതാണ് ഉത്തമമെന്ന ഭാഗമാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. പ്രാർഥിക്കണം എന്നതിനാണ് തെളിവുകളുടെ പിൻബലമുള്ളത്. പ്രാർഥിക്കുക എന്നത് അല്ലാഹുവിന്റെ കൽപന അനുസരിക്കലാണ്. അതിനാൽ തന്നെ പ്രാർഥനക്ക് പ്രതിഫലം ലഭിക്കുന്നതാണ്; പ്രാർഥിക്കുന്നയാൾ പ്രതീക്ഷിച്ചതുപോലെ തന്നെ ഉത്തരം ലഭിക്കുന്നില്ലെങ്കിലും.

## പ്രാർഥനയുടെ ഫലങ്ങളും പ്രയോജനങ്ങളും

പ്രാർഥന ആരാധനയാണ്. ആരാധനയുടെ ഫലങ്ങളും പ്രയോജനങ്ങളും പരലോകവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ലൗകിക ഉദ്ദേശ്യങ്ങൾ പ്രാർഥനക്കായുള്ള സന്ദർഭങ്ങൾ മാത്രമാണ്. അത് പ്രാർഥനയുടെ അത്യന്തികലക്ഷ്യമല്ല. പ്രാർഥിക്കുന്ന ആൾ പ്രതീക്ഷിക്കുന്ന ഉത്തരം കിട്ടുക എന്ന പരമിതമായ ലക്ഷ്യമല്ല പ്രാർഥനക്കുള്ളത്. പ്രാർഥന അല്ലാഹുവിങ്കൽ സ്വീകാര്യമാകുമ്പോഴാണ് അത് പ്രതിഫലാർഹമായ ആരാധനയാവുന്നത്.

''എന്നെ വിളിച്ചു പ്രാർഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം''എന്നു അല്ലാഹു പറഞ്ഞിരിക്കേ, നമ്മുടെ പല പ്രാർഥനകൾക്കും ഉത്തരം ലഭിക്കുന്നില്ലല്ലോ എന്നു മനുഷ്യൻ പരിഭവപ്പെട്ടേക്കാം.

വിശദീകരണം ഇങ്ങനെയാണ്: പ്രാർഥന സ്വീകരിക്കുക എന്നതും പ്രാർഥനക്ക് ഉത്തരം ലഭിക്കുക എന്നതും രണ്ടാണ്. നിഷ്ക

ളങ്കവും നിർദോഷവുമായ എല്ലാ പ്രാർഥനകൾക്കും ഉത്തരം ലഭിക്കുന്നുണ്ട്. എന്നാൽ പ്രാർഥന സ്വീകരിച്ച് ആവശ്യം നിവർത്തിച്ചു കൊടുക്കുന്നത് അല്ലാഹുവിന് മാത്രമറിയുന്ന യുക്തികളെ ആസ്പദിച്ചിരിക്കും. രോഗി, എന്നെ പരിശോധിച്ച് ഇന്ന മരുന്ന് തരണമെന്ന് ഡോക്ടറോട് ആവശ്യപ്പെടുമ്പോൾ ഒരു പക്ഷേ ഡോക്ടർ രോഗി ആവശ്യപ്പെട്ട മരുന്നു തന്നെ കൊടുത്തേക്കാം. ചിലപ്പോൾ അതിനേക്കാൾ പ്രയോജനകരമായ മരുന്നായിരിക്കാം കൊടുക്കുന്നത്. അതുമല്ലെങ്കിൽ ഒരു മരുന്നും കൊടുത്തില്ലെന്നും വരാം. രോഗിക്ക് ഗുണം ചെയ്യുന്നതും ദോഷം ചെയ്യുന്നതുമായ മരുന്നുകളെക്കുറിച്ച് കൂടുതൽ അറിവുണ്ടാവുക ഡോക്ടർക്കാണല്ലോ.

എല്ലാ വസ്തുക്കളെ സംബന്ധിച്ചും ജ്ഞാനമുള്ളവനാണ് അല്ലാഹു. ദാസന്റെ പ്രാർഥനക്കു അവൻ ഉത്തരം ചെയ്യുന്നു. പ്രാർഥിക്കുന്നവന്റെ പരിഭ്രമവും അന്യതാബോധവും തുടച്ചുനീക്കി ചിലപ്പോൾ അവന്റെ ആവശ്യം അംഗീകരിക്കുന്നു. ചിലപ്പോൾ അവൻ ചോദിച്ചതിനേക്കാൾ കൂടുതൽ നൽകുന്നു. മറ്റു ചിലപ്പോൾ അവന്റെ ആവശ്യം നിരാകരിക്കുന്നു. ദാസന്റെ മിഥ്യാമോഹങ്ങളല്ല, ദൈവികയുക്തിയുടെ താൽപര്യങ്ങളനുസരിച്ചാണ് പ്രാർഥനയുടെ സ്വീകാര്യതയും തിരസ്കാരവും നിർണയിക്കുന്നത്.

അബൂസഈദിൽ ഖുദ്രി(റ)യിൽ നിന്നും നിവേദനം:നബി(സ്വ) പറഞ്ഞു: കുറ്റകരമായ കാര്യത്തിലോ കുടുംബബന്ധം വിച്ഛേദിക്കുന്നതിനോ വേണ്ടിയല്ലാതെ ഒരു മുസ്‌ലിം പ്രാർഥിക്കുമ്പോൾ മൂന്നിൽ ഒരു മാർഗേണ അല്ലാഹു പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. ഒന്നുകിൽ താമസംവിനാ ഉത്തരം നൽകും , അല്ലെങ്കിൽ പ്രാർഥനക്കുള്ള പ്രതിഫലം പരലോകത്തു വച്ചു നൽകും. അതുമല്ലെങ്കിൽ സംഭവിക്കാനിരിക്കുന്ന ഒരു വിപത്ത് അകറ്റികൊടുക്കും. അപ്പോൾ സ്വഹാബികൾ ചോദിച്ചു:ഞങ്ങൾ പ്രാർഥന അധികരിപ്പിക്കുകയാണെങ്കിലോ? നബി(സ്വ)പറഞ്ഞു: അല്ലാഹുവും അധികരിപ്പിക്കും''( അഹ്മദ്, ബസ്സാർ, അബൂയഅലാ എന്നിവർ കുറ്റവിമുക്തമായ പരമ്പരയിലൂടെ നിവേദനം ചെയ്തത്. പരമ്പര കുറ്റവിമുക്തമാണെന്നു ഹാകിമും പറഞ്ഞിട്ടുണ്ട്.)

പ്രാർഥന അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടായിരിക്കണം.ക്വുർആൻ സംശയാതീതമായിവ്യക്തമാക്കുന്നതാണ്, പ്രപഞ്ചത്തിലെ ഒരോ ഘടകവും അതിന്റേതായ സവിശേഷരീതിയിൽ അല്ലാഹുവിന് കീർത്തനം ചൊല്ലുകയും അവനെ പ്രണമിക്കുകയും ചെയ്യുന്നുണ്ടെന്നത്. പ്രപഞ്ചത്തിലെ ഒരോ സ്വരലയവും താളക്രമവും സേവനത്തിന്റേയും സന്നദ്ധതയുടേയും ഭാഷയിൽ അല്ലാഹുവിനെ പ്രണമിക്കുന്നു. പ്രകൃതിസഹജമായ ആവശ്യങ്ങളുടെ ഭാഷയിൽ എല്ലാ ജീവജാലങ്ങളും പ്രാർഥിക്കുന്നുമുണ്ട്.

അദൃശ്യനും കരുണാമയനുമായ സ്രഷ്ടാവിനോട് ഗതിമുട്ടിയ മനുഷ്യൻ വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി പ്രാർഥിക്കുന്നു. ദുർബലനും നിസ്സഹായനുമാണ് മനുഷ്യൻ. പ്രാർഥനയിൽ അലംഭാവം വരുത്താതിരിക്കുമ്പോഴാണ് മനുഷ്യൻ മഹത്വത്തിലേക്കുയരുന്നത്. വിനയത്തോടെ, ദാസ്യമനോഭാവത്തോടെയുള്ള പ്രാർഥനയിൽ-മനുഷ്യത്വത്തിന്റെ മഹത്വത്തിൽ-മനുഷ്യന്റെ പ്രാർഥന പ്രപഞ്ചത്തിന്റെ പ്രാർഥനയുമായി താദാത്മ്യം പ്രാപിക്കുന്നു. പ്രപഞ്ചസൃഷ്ടിയുടെ സൗന്ദര്യമാഹാത്മ്യം കൂടി പ്രാർഥനയുടെ ആന്തരിക തത്വമത്രെ. പ്രാർഥന കാരുണ്യത്തിന്റെ കനിവും ശക്തിയുടെ സ്രോതസ്സുമാണ്.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം:നബി(സ്വ) പറഞ്ഞു: “അല്ലാഹു പറഞ്ഞിരിക്കുന്നു;ഞാൻ എന്നെക്കുറിച്ച എന്റെ ദാസന്റെ വിചാരഗതിയോടൊപ്പമാണ്. അവൻ എന്നോടു പ്രാർഥിക്കുമ്പോൾ ഞാൻ അവനോടൊപ്പമാണ്.”(ബുഖാരി, മുസ്ലിം)

തന്നോടു പ്രാർഥിക്കുന്നവരെ മാത്രമേ അല്ലാഹു അവന്റെ പരമമായ കാരുണ്യത്തിനായി പരിഗണിക്കുന്നുള്ളൂ. അതുപോലെ, അല്ലാഹുവോട് പ്രാർഥിക്കുന്നവരെ അവഗണിക്കരുതെന്ന് നബി(സ്വ)ക്കു നിർദേശം നൽകിയിട്ടുമുണ്ട് (ആൻആം:52). പ്രവാചകൻമാരുടേയും സജ്ജനങ്ങളുടേയും ഉത്കൃഷ്ട സ്വഭാവമാണ് പ്രാർഥിക്കുകയെന്നത്. പ്രാർഥന, മനസ്സിന് ശാന്തിയും രക്ഷാബോധവും ഭദ്രതയും പ്രദാനം ചെയ്യും.

“ഞങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടേയും ഭൂമിയുടേയും രക്ഷിതാവാകുന്നു. അവനു പുറമേ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നേയില്ല. അങ്ങനെ ഞങ്ങൾ ചെയ്യുന്ന പക്ഷം തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായിപോകും എന്ന് ഗുഹാവാസികൾ എഴുന്നേറ്റ് നിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്ക് നാം കെട്ടുറപ്പ് നൽകുകയും ചെയ്തു.”( കഹ്ഫ്:14)

ഈ പ്രപഞ്ചവും അതിലെ സമസ്ത ചരാചരങ്ങളും പുലരുന്നത് ബൃഹത്തായ പരസ്പരാശ്രിതത്വത്തിലാണെന്ന പാഠം പ്രാർഥനാവേളയിൽ മൃദുവായ ഒരു സുഗന്ധം പോലെ മനസ്സിലേക്കു വീശും. തന്റെ നിസ്സഹായാവസ്ഥ ബോധ്യപ്പെടുന്ന മനുഷ്യനിൽ വിനീതമായ കൃതാർഥത രൂഢമൂലമാകുന്നു പ്രാർഥനയിലൂടെ.

തന്നിലെ മാലിന്യങ്ങളെ ശുദ്ധീകരിച്ചെടുക്കാനുള്ള ‘രാസപ്രക്രിയ’ കൂടിയാണ് പ്രാർഥന. ഏതൊരാളുടേയും ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷം തന്റെ പാപങ്ങൾ സ്വയം ഏറ്റുപറയുന്നിടത്താണ്. അവിടെ നിന്ന് മനുഷ്യൻ വിനീതരിൽ വിനീതരായി പരിണമിക്കുകയാണ്. പിന്നീട് അഹന്തയില്ല, നാട്യങ്ങളില്ല. വല്ലാത്തതൊരു ശുദ്ധീകരണത്തിന്റെ ആർദ്ര പ്രദമാണ് പ്രാർഥന.

പ്രാർഥന, ഗൗരവമുള്ള ഒരു വിചാരണാവേളയാണ്. സ്വയം കണക്കെടുപ്പിന്റെ അവസരം. അക്രമാസക്തിയിൽ നിന്ന് ശാന്തിയിലേക്ക് ചലിപ്പിക്കുന്ന മനനവേളയാണ് പ്രാർഥനാസമയം. പ്രശാന്തിയാർന്ന മനനവേളകളിലാണ് എല്ലാ അർഥവിചാരങ്ങളും സംഭവിച്ചിട്ടുള്ള തെന്നത് ഒരു വസ്തുതയാണല്ലോ.

ഓരോ പ്രാർഥനാ വചനങ്ങളിലും ജീവിതത്തിന്റെ ക്ഷണികതയെ ക്കുറിച്ച ബോധം തിരതല്ലുന്നു. ഈ ക്ഷണികതാബോധം ഉദാത്തമായ നൻമയുടെ നിർവഹണത്തിന് വിശ്വാസിക്ക് പ്രചോദനമേകുന്നു.

ആസക്തിയാണ് മനുഷ്യനെ അലട്ടുന്ന വാസന. ഭോഗാസക്തമായ ഐഹികജീവിതവും അതിലെ വിഭവങ്ങളും കബളിപ്പിക്കുന്ന ചരക്കുകളാണെന്ന ബോധമുൾക്കൊള്ളുമ്പോഴാണ് മനുഷ്യന് ഈ ആസക്തിയെ അതിജീവിക്കാനാവുന്നത്. അപ്പോൾ ലബ്ധമാകുന്ന വിധേയത്വം ജീവിതത്തിന് സാത്വികശീലങ്ങൾ പ്രദാനം ചെയ്യുന്നു. കാരുണ്യം, ഉദാരമനസ്കത, വിട്ടുവീഴ്ച, നേടലിനേക്കാൾ നൽക ലിനുള്ള വിശുദ്ധി, കീഴടക്കുന്നതിനേക്കാൾ കീഴ്‌വഴങ്ങുന്നതിലെ വിശുദ്ധി എന്നിവ ഇതിൽ ചിലതാണ്. അങ്ങനെ, പ്രാർഥന അല്ലാഹുവി ലുള്ള ഉദാത്തമായ അർപ്പണമായിത്തീരുന്നു. മനുഷ്യന്റെ കർമങ്ങളുടെ ലാഭകരമായ പര്യവസാനത്തിലുള്ള പ്രത്യാശയായിത്തീരുന്നു. ഇടപാടുകളെ നിർമലമാക്കുന്ന, ജീവിതത്തിന് ആരാധാത്മകമായ സമീപനം വെച്ചുനീട്ടുന്ന അഭൗമമായ ഉപകരണമാകുന്നു പ്രാർഥന. വിശുദ്ധക്വുർആൻ പൂർവ പ്രവാചകൻമാരുടേയും സജ്ജനങ്ങളുടേ യും സ്വഭാവമാതൃകയിലൂടെ പ്രാർഥനയുടെ ഇത്തരം ഗുണപ്രയോജന ങ്ങൾ എടുത്തുകാണിക്കുന്നുണ്ട്.

"അപ്പോൾ നാം അദ്ദേഹത്തിന് (സകരിയ്യാ)ഉത്തരം നൽകുകയും അദ്ദേഹത്തിന് മകനായി യഹ്‌യയെ പ്രദാനം ചെയ്യുകയും അദ്ദേഹ ത്തിന്റെ ഭാര്യയെ (ഗർഭധാരണത്തിന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ ഉത്തമ കാര്യങ്ങളിൽ ഔത്സുക്യം കാണിക്കു കയും ആശയോടേയും പേടിയോടേയും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരു ന്നു."(അൻബിയാഅ്90) "ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുന്നതിനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ (വിശ്വാസികളുടെ) പാർശ്വങ്ങൾ അകലുന്ന താണ്. നാം അവർക്ക് നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും."(സജദ:16)

"തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കികൊണ്ട്, പ്രഭാതത്തിലും പ്രദോഷത്തിലും അവനോടു പ്രാർഥിച്ചുകൊണ്ടി രിക്കുന്നവരുടെ കൂടെ നിന്റെ മനസ്സിനെ നീ അടക്കി നിർത്തുക. ഇഹലോകജീവിതത്തിലെ അലങ്കാരം ലക്ഷ്യമാക്കികൊണ്ട് നിന്റെ

കണ്ണുകൾ അവരെ വിട്ടുമാറിപോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ട് നാം അശ്രദ്ധമാക്കി യിരിക്കുന്നുവോ ഏതൊരുവൻ തന്നിഷ്ടത്തെ പിൻതുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ അവനെ നീ അനുസരിച്ചുപോകരുത്.''(കഹ്ഫ്:28)

``താഴ്മയോടു കൂടിയും രഹസ്യമായും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കു. പരിധി ലംഘിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ലതന്നെ. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുത്; അവിടെ നൻമവരുത്തിയതിന് ശേഷം. ഭയപ്പാടോടെയും പ്രതീക്ഷ യോടെയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സദ്കർമികൾക്കു സമീപ സ്ഥമാകുന്നു.''(അഅ്റാഫ്:55,56)

``പറയുക, എന്റെ രക്ഷിതാവ് നീതിപാലിക്കുവാനാണ് കൽപ്പിച്ചിട്ടു ള്ളത്. എല്ലാ ആരാധനാവേളയിലും നിങ്ങളുടെ മുഖങ്ങളെ ശരിയായ വിധം അവനിലേക്ക് തിരിച്ചു നിർത്തുകയും കീഴ്വണക്കം അവനു മാത്രമാക്കിക്കൊണ്ട് അവനോട് പ്രാർഥിക്കുകയും ചെയ്യുവിൻ. നിങ്ങളെ അവൻ ആദ്യമായി സൃഷ്ടിച്ചുണ്ടാക്കിയതുപോലുള്ള അവ സ്ഥയിലേക്ക് നിങ്ങൾ മടങ്ങുന്നതാകുന്നു''(അഅ്റാഫ്:29)

``അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവനു നിഷ്കളങ്കമാക്കി കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക. ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു സർവസ്തുതിയും.'' (ഗാഹിർ:650)

## പ്രാർഥന അല്ലാഹുവോട് മാത്രം

അല്ലാഹുവാണ് സ്രഷ്ടാവും പരിപാലകനും ആരാധ്യനും. അതിനാൽ അവനോട് മാത്രമേ പ്രാർഥിക്കാവൂ. അവനല്ലാത്ത ആരോടുള്ള പ്രാർഥനയും നിഷ്ഫലവും നിരർഥകവുമാണ്. പ്രാർഥന സ്വീകരിക്കാനും ഉത്തരം നൽകാനും കഴിവുള്ളവൻ അല്ലാഹു മാത്രം. അവനോടുള്ളത് മാത്രമാണ് യഥാർഥ പ്രാർഥന. അല്ലാഹു പറയുന്നു:

``അവനോടുള്ളത് മാത്രമാണ് യഥാർഥ പ്രാർഥന. അവനു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചു കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ വന്നെത്തുന്നതിന് വേണ്ടി തന്റെ ഇരു കൈപടങ്ങളും വെള്ളത്തിനു നേരെ നീട്ടിപിടിച്ചവനെപ്പോലെ മാത്രമാണവർ. അതവന്റെ വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന വ്യർഥം തന്നെയാകുന്നു.''(റഅ്ദ്:14)

``നിങ്ങളുടെ രക്ഷിതാവ് പറഞ്ഞതെന്തെന്നാൽ, എന്നോട് പ്രാർഥിക്കുവിൻ നിങ്ങൾക്ക് ഞാൻ ഉത്തരം നൽകാം.''(ഗാഫിർ:60)

## അല്ലാഹുവാണ് സമീപസ്ഥൻ

“നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ, ഞാൻ അവരോട് ഏറ്റവും അടുത്തുള്ളവനാണ് എന്ന് പറയുക. പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്.”(ബക്വറ:186)

## പ്രാർഥനക്ക് ഉത്തരം നൽകാൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല

“ആരാണോ കഷ്ടപ്പെടുന്നവന്, തന്നെ വിളിച്ചു പ്രാർഥിച്ചാൽ ഉത്തരം നൽകുകയും വിഷമം അകറ്റികൊടുക്കുകയും നിങ്ങളെ ഭൂമിയിലെ പിൻമുറക്കാരാക്കുകയും ചെയ്തത് അവൻ(അല്ലാഹു) ആണോ ഉത്തമൻ, അതോ അവർ പങ്കുചേർക്കുന്നവയോ?അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ആലോചിക്കുന്നുള്ളൂ.”(നംല്:62)

അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നത് അല്ലാഹുവോട് പങ്കുചേർക്കലാണ് അഥവാ ബഹുദൈവാരാധനയാണ്.

“പറയുക, ആരാണ് കരയിലേയും കടലിലേയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നത്? നിങ്ങൾ അവനോട് താഴ്മയോടെയും രഹസ്യമായും പ്രാർഥിക്കുന്നു. ഞങ്ങളെ ഇതിൽ നിന്ന് രക്ഷപ്പെടുത്തുകയാണെങ്കിൽ ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിൽ ആയിക്കൊള്ളാമെന്ന്. പറയുക, അല്ലാഹുവാകുന്നു അതിൽ നിന്നും മറ്റെല്ലാ ദുരിതങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ടും നിങ്ങൾ അവനോട് പങ്കുചേർക്കുന്നു.”(അൻആം:63, 64)

“നബിയേ പറയുക, നിങ്ങളൊന്നു പറഞ്ഞുതരൂ: അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്ക് വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾക്ക് വന്നെത്തിയാൽ അല്ലാഹുവല്ലാത്തവരോട് നിങ്ങൾ പ്രാർഥിക്കുമോ? നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെ മാത്രമേ നിങ്ങൾ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉദ്ദേശിക്കുന്ന പക്ഷം ഏതൊരു വിഷയത്തിന്റെ പേരിൽ നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുന്നുവോ അത് അവൻ ദൂരീകരിച്ചു തരുന്നതാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്നവയെ നിങ്ങൾ അപ്പോൾ മറന്നുകളയും .”(അൻആം:40,41)

“എന്നാൽ അവർ കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ചു പ്രാർഥിക്കുന്നു. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷിച്ചപ്പോഴോ അവരതാ അവനോട് പങ്കുചേർക്കുന്നു.”( അൻകബൂത്ത്:65)

അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നത് ശിർക്കാകുന്നു. ശിർക്ക്

അല്ലാഹു പൊറുക്കാത്ത കൊടിയ പാതകമാകുന്നു: അതിനാൽ അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാവൂ;

“അല്ലാഹുവിന്ന് പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവംചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. അങ്ങനെ ചെയ്യുന്നപക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും.”(യൂനുസ്:106)

“തനിക്ക് ഉപദ്രവമേൽപ്പിക്കാത്തതും ഉപകാരം ചെയ്യാത്തതുമായവയെ അല്ലാഹുവിന്ന് പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നു.അത് വിദൂരമായ വഴികേടുതന്നെയാകുന്നു.”(ഹജ്ജ്:12)

“ആകയാൽ അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെ നീ വിളിച്ചു പ്രാർഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.” (ശുഅറാഅ്:213)

‘‘അല്ലാഹുവോടൊപ്പം വേറെ യാതൊരു ദൈവത്തേയും നീ വിളിച്ചു പ്രാർഥിക്കുകയും ചെയ്യരുത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ തിരുമുഖമൊഴികെ എല്ലാ വസ്തുക്കളും നാശമടഞ്ഞുപോകുന്നവയാണ്. വിധികർതൃത്വം അവനുള്ളതാണ്. അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നത്.”(ക്വസ്വസ്:88)

ശിർക്ക്, മുഴുവൻ പുണ്യകർമങ്ങളേയും നിഷ്ഫലമാക്കിക്കളെയുന്ന മാരകമായ പാപമാണെന്നും അതിൽ നിന്ന് അകന്നുനിൽക്കണമെന്നും വിശുദ്ധ ക്വുർആൻ ആവർത്തിച്ചു പറയുന്നുണ്ട്.

‘‘തന്നോട് പങ്കു ചേർക്കുക എന്നത് അല്ലാഹു പൊറുക്കുകയില്ല. അത് ഒഴികെയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കു ചേർക്കുന്നുവോ ബഹുദൂരം പിഴച്ചുപൊയിരിക്കുന്നു.” (നിസാഅ്: 116)

‘‘തീർച്ചയായും നിക്കും നിനക്ക് മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുണ്ട്;അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപോകുകയും നീ നഷ്ടക്കാരുടെ കൂട്ടത്തിലാവുകയും ചെയ്യുമെന്ന്.”(സുമർ:65)

അല്ലാഹുവോട് മാത്രമേ പ്രാർഥിക്കുകയുള്ളുവെന്നത് ജീവിത പ്രതിജ്ഞയുടെ ഭാഗമാവണം.

‘‘(നബിയേ)പറയുക, ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. ആരെയും അവനോട് പങ്കുചേർക്കുകയില്ല.”(ജിന്ന്:20)

‘‘പറയുക, അല്ലാഹുവിന്നു പുറമെ ഞങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തവനെ ഞങ്ങൾ വിളിച്ചു പ്രാർഥിക്കുകയോ? അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങൾ പിറകോട്ടു മടക്കപ്പെടുകയോ? പിശാചുക്കൾ തട്ടിതിരിച്ച് കൊണ്ടുപോയിട്ട് ഭൂമിയിൽ അന്ധാളിച്ച് കഴിയുന്ന ഒരുത്തനെപ്പോലെ?

ഞങ്ങളുടെ അടുത്തേക്ക് വരൂ എന്ന് പറഞ്ഞുകൊണ്ട് അവനെ നേർ വഴിയിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്ന ചില കൂട്ടുകാർ അവനുണ്ട്. പറയുക, തീർച്ചയായും അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. ലോകരക്ഷിതാവിന് കീഴ്പ്പെടുവാനാണ് ഞങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുന്നത്."(അൻആം:71)

"..അവനു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല.എങ്കിൽ തീർച്ചയായും ഞങ്ങൾഅന്യായമായ വാക്ക് പറഞ്ഞതായി വന്നുപോകും."(കഹ്ഫ്:14)

അല്ലാഹുവല്ലാതെ പ്രാർഥിക്കപ്പെടുന്നവ ദുർബലങ്ങളാകുന്നു. പ്രാർഥിക്കുന്നത് കേൾക്കാനോ അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്തുകൊടുക്കാനോ കഴിയുന്നവരുമല്ല. അതിനാകട്ടെ ഒരടിസ്ഥാനവുമില്ല.

"അല്ലാഹു സത്യപ്രകാരം തീർപ്പു കൽപ്പിക്കുന്നു. അവന് പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നവരാകട്ടെ യാതൊന്നിലും തീർപ്പുകൽപ്പിക്കുകയില്ല. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനും."( ഗാഫിർ:20)

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവത്തേയും വിളിച്ചു പ്രാർഥിക്കുന്ന പക്ഷം അതിനു അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല. അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വച്ച് തന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച"(മുഅ്മിനൂൻ;177)

"അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കുവാൻ കഴിയില്ല. സ്വദേഹങ്ങൾക്ക് തന്നെയും അവർ സഹായം ചെയ്യുകയില്ല."(അഅ്റാഫ്:197)

"മനുഷ്യരേ ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു; നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല അതിനായി അവർ എല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്നും വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്കു കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെട്ടവനും ദുർബലർ തന്നെ"(ഹജ്ജ്:73)

"നിങ്ങളുടെ രക്ഷിതാവായ അല്ലാഹു അവനാകുന്നു ആധിപത്യം. അവന്നു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പനക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോടു പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. കേട്ടാലും അവർ നിങ്ങൾക്ക് ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേല്പ്പിന്റെ നാളിലാവട്ടെ നിങ്ങൾ അവരെ പങ്കാളി

യാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനിയായ അല്ലാഹുവെ പോലെ നിനക്ക് വിവരം നൽകാൻ ആരുമില്ല. ഓ മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതരാവുന്നു. അല്ലാഹുവാകട്ടെ പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു.''(ഫാത്വിർ:14,15)

''അല്ലാഹുവിന്ന് പുറമെ ഇവർ ആരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവർ ശുപാർശ ഉടമപ്പെടുത്തുന്നില്ല. അറിഞ്ഞുകൊണ്ട് തന്നെ സത്യത്തിനു സാക്ഷ്യം വഹിച്ചവർ ഒഴികെ''(സുഖ്റുഫ്:86)

മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ വിളിച്ചു പ്രാർഥിക്കപ്പെട്ടവർ വിളിച്ചു പ്രാർഥിച്ചവരുടെ ശത്രുക്കളായിരിക്കും. തങ്ങളെ ആരാധിച്ചതിനെ ഇവർ നിഷേധിക്കുകയും ചെയ്യുമെന്ന് അഹ്ക്വാഫ് 4-6ൽ പറയുന്നുണ്ട്.

അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചിട്ട് ഒരു കാര്യവുമില്ലെന്നും അത് സത്യനിഷേധവും ബഹുദൈവാരാധനയും അതിനാൽ തന്നെ പൊറുക്കപ്പെടാത്ത കുറ്റമാണെന്നും ഇഹലോകത്തോ പരലോകത്തോ ഒരു ഫലവും ലഭിക്കുകയില്ലെന്നും വ്യക്തമായി. പ്രാർഥിക്കപ്പെട്ടവർ ആരാധിച്ചവരെ തള്ളിപ്പറയും, അവർ പരസ്പരം ശത്രുക്കളാവും, പ്രാർഥിക്കുന്നവരുടെ മറ്റു കർമങ്ങളെയും അത് നിഷ്ഫലമാക്കും. എന്നല്ല, പരലോകത്ത് അത് വൻനഷ്ടമായി കലാശിക്കും. ഇഹത്തിലും പരത്തിലും സർവനാശത്തിനേ അത് ഉതകൂ.

''നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ അവർ അവരോടു തന്നെ അക്രമം പ്രവർത്തിക്കുകയാണുണ്ടായത്. എന്നാൽ, നിന്റെ രക്ഷിതാവിന്റെ കൽപ്പന വന്ന സമയത്ത് അല്ലാഹുവിന്ന് പുറമെ അവർ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരുന്ന അവരുടെ ദൈവങ്ങൾ അവർക്കു യാതൊരു ഉപകാരവും ചെയ്തില്ല. ആ ദൈവങ്ങൾ അവർക്കു നാശം വർധിപ്പിക്കുക മാത്രമാണ് ചെയ്തത്''(ഹൂദ്:101)

''എന്റെ പങ്കാളികൾ എവിടെയെന്ന് അവരോട് അവൻ വിളിച്ചു ചോദിക്കുന്ന ദിവസം അവർ പറയും, ഞങ്ങളിതാ നിന്നെ അറിയിക്കുന്നു, ഞങ്ങളിൽ അതിനു ഒരു സാക്ഷിയുമില്ല. മുമ്പ് അവർ വിളിച്ചു പ്രാർഥിച്ചിരുന്നവയെല്ലാം അവരെ വിട്ട് പോയ്കളഞ്ഞു. തങ്ങൾക്കു യാതൊരു രക്ഷാസങ്കേതവുമില്ലെന്ന് അവർക്കു ബോധ്യമാവുകയും ചെയ്തു.''(ഫുസ്സ്വിലത്:47,48)

''നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന് അല്ലാഹുവല്ലാത്തവരെ വിളിച്ചുതേടിയിരുന്നവരോട് പറയപ്പെടും. അപ്പോൾ ഇവർ അവരെ വിളിക്കും. എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുകയില്ല. ശിക്ഷ ഇവർ നേരിൽ കാണുകയും ചെയ്യും. തങ്ങൾ നേർമാർഗം പ്രാപിച്ചിരുന്നുവെങ്കിൽ എന്ന് അവർ അപ്പോൾ കൊതിക്കും.''(ക്വസ്വസ്:64)

''എന്റെ പങ്കാളികളെന്ന് നിങ്ങൾ ജല്പിച്ചുകൊണ്ടിരുന്നവരെ

വിളിച്ചുനോക്കൂ എന്ന് അല്ലാഹു പറയുന്ന ദിവസം. അപ്പോൾ ഇവർ അവരെ വിളിക്കും. എന്നാൽ, അവർ ഇവർക്കുത്തരം നൽകുന്നതല്ല. അവർക്കിടയിൽ നാം ഒരു നാശഗർത്തം ഉണ്ടാക്കുകയും ചെയ്യും.'' (കഹ്ഫ്:52)

ഈ നാശത്തിനും തീരാനഷ്ടത്തിനും കാരണം അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചുവെന്നതത്രെ.

''അല്ലാഹുമാത്രം പ്രാർഥിക്കപ്പെട്ടാൽ നിങ്ങൾ അവിശ്വസിക്കുകയും അവനിൽ പങ്കുചേർക്കപ്പെടുകയാണെങ്കിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്തിരുന്നത് നിമിത്തമത്രെഅത്. എന്നാൽ(ഇന്ന്) വിധി കൽപ്പിക്കാനുള്ള അധികാരം ഉന്നതനും മഹാനുമായ അല്ലാഹുവിന്നാകുന്നു..''(സുമർ:45)

ഈ ദുരവസ്ഥ വരാതിരിക്കാൻ വേണ്ടി സത്യവിശ്വാസികൾക്ക് അല്ലാഹു മുന്നറിയിപ്പുനൽകുന്നു:

''മതം അല്ലാഹുവിന്നു മാത്രം നിഷ്കളങ്കമാക്കികൊണ്ട് നിങ്ങൽ അവനോട് പ്രാർഥിക്കുവിൻ; അവിശ്വാസികൾക്ക് അനിഷ്ടകരമായിരുന്നാലും.''(40:140)

സത്യവിശ്വാസികൾക്ക് എന്നും എപ്പോഴും അല്ലാഹു മതി. അവർ അവനിൽ സർവ്വതും സമർപ്പിക്കുന്നു.

''തന്റെ ദാസന് അല്ലാഹു മതിയായവനല്ലയോ? അവന് പുറമെയുള്ളവരെപ്പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു വഴിപിഴപ്പിക്കുന്ന പക്ഷം അവന് നേർവഴി കാട്ടാൻ ആരുമില്ല. വല്ലവനേയും അല്ലാഹു നേർവഴിയിലാക്കുന്നപക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല.അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനുമല്ലയോ? പറയുക എനിക്ക് അല്ലാഹു മതി, ഭരമേൽപ്പിക്കുന്നവർ അവനിലാണ് ഭരമേൽപ്പിക്കേണ്ടത്.''(സുമർ:36-38)

അല്ലാഹുവെക്കുറിച്ച ബോധം സത്യവിശ്വാസികൾക്ക് വിശ്വാസദൃഢത പ്രദാനം ചെയ്യും അവനോടു പ്രാർഥിച്ചും അവന്റെ കൽപനകൾ പാലിച്ചും സദ്വൃത്തരായി അവർ ജീവിക്കും.

''അല്ലാഹുവെ പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ചു നടുങ്ങുകയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കപ്പെട്ടാൽ തങ്ങൾക്ക് അതു വിശ്വാസം വർധിപ്പിക്കുകയും തങ്ങളുടെ രക്ഷിതാവിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമാണ് സത്യവിശ്വാസികൾ''(അൻഫാൽ:2). ശാശ്വതരക്ഷയും ശാന്തിയും വിജയവും അവർക്കത്രെ.

# നിബന്ധനകളും മര്യാദകളും

ക്രമവും സൗന്ദര്യവും താളപ്പൊരുത്തവുമുള്ള ജീവിതമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. നീതിയാണ് ഇസ്‌ലാമിക സംസ്കാരത്തിന്റെ ഒരു മുഖമുദ്ര. മനുഷ്യൻ എന്തുചെയ്യണം, എന്തു ചെയ്യരുത് എന്ന് നിയന്താവായ അല്ലാഹു പഠിപ്പിച്ചിട്ടുണ്ട്. ചിട്ടയും ക്രമവുമായ ജീവിതമായിരിക്കണം സത്യവിശ്വാസിയുടേത്. ഈ നിയമനിർദേശങ്ങൾ പ്രാർഥനയിലുമുണ്ട്. അല്ലാഹുവോട് പ്രാർഥിക്കണം, അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാവൂ എന്നതിനോടൊപ്പം എങ്ങനെയെല്ലാം പ്രാർഥിക്കണം, എന്തെല്ലാം പ്രാർഥിച്ചുകൂടാ എന്നും ക്വുർആനിലും ഹദീസിലും വിശദീകരിച്ചിട്ടുണ്ട്. നിബന്ധനകളും മര്യാദകളും പാലിക്കുമ്പോഴാണ് ഏതുകർമവും വ്യവസ്ഥാപിതമാവുന്നത്. കർമ്മത്തിന്റെ സ്വീകാര്യതയ്ക്ക് നിദാനമായ പ്രധാന ഘടകമത്രെ ഇത്.

വിധിവിലക്കുകൾ പാലിക്കുമ്പോഴാണ് പ്രാർഥന സ്വീകരിക്കപ്പെടുകയും ഉത്തരം ലഭിക്കുകയും ചെയ്യുന്നത്. ഇബ്നുഅബ്ബാസ് (റ)പറയുന്നു: നബി(സ്വ)യുടെ സാന്നിധ്യത്തിൽ “മനുഷ്യരേ, ഭൂമിയിലെ അനുവദനീയവും നല്ലതുമായ വസ്തുക്കൾ നിങ്ങൾ ഭക്ഷിക്കുക” എന്ന ആയത്ത് ഞാൻ ഓതി. സഅ്ദ്ബ്നു അബീവക്വാസ് അപ്പോൾ എഴുന്നേറ്റു നിന്നു പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരെ, പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നവരിൽ ഞാൻ ഉൾപ്പെടാൻ വേണ്ടി അല്ലാഹുവോട് പ്രർഥിച്ചാലും ” നബി(സ്വ)പറഞ്ഞു: “സഅദേ അനുവദനീയമായ ഭക്ഷോൽപന്നങ്ങൾ ഉപയോഗിക്കുക, എങ്കിൽ പ്രാർഥനക്കുത്തരം ലഭിക്കുന്നവരിൽ ഉൾപ്പെടാം. അല്ലാഹുവാണ് സത്യം, ഒരാൾ നിഷിദ്ധമായത് വയറ്റിലാക്കിയാൽ നാൽപതു ദിവസം അയാളുടെ പ്രാർഥന സ്വീകരിക്കപ്പെടുകയില്ല. ആരുടെ ശരീരത്തിൽ ദുഷിച്ച സമ്പാദ്യവും പലിശയും മുഖേന മാംസം കിളിർത്തുവോ, നരകമാണ് അയാൾക്കനുയോജ്യം.” (ഇബ്നുകസീർ) അബൂഹുറയ്റ(റ)യിൽ നിന്നു നിവേദനം: നബി(സ്വ)രണ്ട് ആയത്തുകൾ ഓതി:

يَٰٓأَيُّهَا ٱلرُّسُلُ كُلُوا۟ مِنَ ٱلطَّيِّبَٰتِ وَٱعْمَلُوا۟ صَٰلِحًا ۖ إِنِّى بِمَا تَعْمَلُونَ عَلِيمٌ ﴿٥١﴾

‘‘ഹേ ദൂതൻമാരേ, വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും സദ്കർമം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു.'' (മുഅ്മിനൂൻ:151)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَٱشْكُرُوا۟ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾

“സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക. അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ.''(ബക്വറ:172)

തുടർന്ന് നബി(സ) പറഞ്ഞു; “മനുഷ്യൻ നീണ്ട യാത്രചെയ്യുന്നു. ഏറെ കഷ്ടപ്പെടുന്നു. പക്ഷേ ഭക്ഷണം നിഷിദ്ധമായത്, വസ്ത്രം നിഷിദ്ധമായത് ഭക്ഷിപ്പിക്കുന്നതും നിഷിദ്ധമായത്. അയാളാകട്ടെ മേലോട്ടു കൈകളുയർത്തി റബ്ബേ, റബ്ബേ എന്നു പ്രാർഥിക്കുന്നു. എങ്ങനെ ഉത്തരം ലഭിക്കാനാണ്?'' (അഹ്മദ്, മുസ്‌ലിം)

പ്രാർഥന, കുറ്റകരമായ കാര്യങ്ങൾക്കും കുടുംബബന്ധം വിഛേദിക്കുന്നതിനുമാവരുത്: അതല്ലാത്ത അനുവദനീയമായ കാര്യങ്ങളിലുള്ള പ്രാർഥന അല്ലാഹു സ്വീകരിക്കുകയും ഉത്തരം ലഭിക്കുകയും ചെയ്യുമെന്ന് മുസ്‌ലിമും ഹാക്കിമും അബൂസഈദിൽ ഖുദ്‌രിയിൽ നിന്നുദ്ധരിക്കുന്ന ഹദീസിൽ വന്നിട്ടുണ്ട്.

ജാബിർ(റ)നിവേദനം: നബി(സ്വ)പറഞ്ഞു: ‘‘നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും സമ്പത്തിനും എതിരായി ഒരിക്കലും നിങ്ങൾ പ്രാർഥിക്കരുത്. അല്ലാഹു അവനോട് ചോദിക്കുന്നതെല്ലാം നൽകുന്ന ഒരു സമയമുണ്ട്. നിങ്ങളുടെ ദോഷപ്രാർഥനയും ആ സമയവും ഒത്തുവരരുത്.''(മുസ്‌ലിം)

കളിയോ തമാശയോ അല്ല: സ്വീകരിച്ചില്ലെങ്കിൽ ആവട്ടെ, കിട്ടിയാൽ ആയി എന്ന മട്ടിൽ നിസ്സാര ഭാവത്തിൽ പ്രാർഥിക്കരുത്. പ്രശ്നം പരിഹരിക്കണമെന്ന ഉൽക്കടമായ ആഗ്രഹവും ഗൗരവബോധവും ആവശ്യമാണ്. (മുസ്‌ലിം)

അല്ലാഹുവേ, നീ ഉദ്ദേശിച്ചെങ്കിൽ പൊറുത്തുതരേണമേ, നീ ഉദ്ദേശിച്ചെങ്കിൽ എനിക്ക് കരുണ ചൊരിയേണേ എന്നിങ്ങനെ പ്രാർ

ഥിച്ചുകൂടാ. (അബൂദാവൂദ്)അതിൽ പ്രതിഫലേച്ഛയോ പരിഹാരല ബ്ധിക്കുള്ള ആത്മാർഥമായ ആഗ്രഹമോ ഇല്ല.

പ്രാർഥനയിൽ നിബന്ധനവെക്കരുത്. സമയബന്ധിതമായ ഉത്തരം കിട്ടണമെന്നോ മറ്റോ ധൃതികൂട്ടരുത്. ആഗ്രഹിച്ചത് കിട്ടിയില്ലെങ്കിൽ കുറ്റപ്പെടുത്തരുത്. നിരാശനാവുകയുമരുത്.

ധൃതികാണിച്ചില്ലെങ്കിൽ പ്രാർഥനക്കുത്തരം ലഭിക്കും. ഞാൻ പ്രാർഥിച്ചുനോക്കി. പക്ഷേ ഉത്തരം ലഭിച്ചില്ല എന്ന രൂപത്തിൽ പ്രതികരിക്കരുത്. (അബൂഹുറയ്റയിൽ നിന്ന് ഹാകിം ഉദ്ധരിച്ചത്)

ഏറെ പ്രാർഥിച്ചിട്ടും വിപത്തുകളും വൈഷമ്യങ്ങളും നീങ്ങാത്ത പക്ഷം, അല്ലാഹു പ്രാർഥന സ്വീകരിച്ചില്ല എന്നു പരിഭവിക്കരുത്. വിനയത്തിന്റേയും പ്രാർഥനയുടേയും സമയം ഇനിയുമുണ്ട് എന്നാണ് അതിനർഥം. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ ഔദാര്യം കനിഞ്ഞരുളുന്നു. അങ്ങനെ താൽപര്യം പൂർത്തീകരിക്കുന്നു.

സംഭവിച്ച വിപത്ത് നീങ്ങികിട്ടാതാവുമ്പോൾ തനിക്കെതിരെ ത്തന്നെ പ്രാർഥിക്കരുത്. അനസി(റ)ൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു. സംഭവിച്ച ഒരു വിപത്തിന്റെ പേരിൽ നിങ്ങളിലാരും, മരിച്ചു കിട്ടിയെങ്കിൽ എന്നു പ്രാർഥിക്കരുത്. നിർവാഹമില്ലെങ്കിൽ ഇങ്ങനെ പ്രാർഥിക്കുക:

اللّهمّ أَحْيِني ما كَانَتِ الْحياةُ خَيْرا لِّي وتَوَفّني إِذَا كَانَتِ الْوَفاةُ خيْراً لِّي

''അല്ലാഹുവേ, ജീവിതം എനിക്കു നല്ലതായിരുന്നേടത്തോളം എന്നെ ജീവിപ്പിക്കേണമേ അതല്ല, മരണമാണെനിക്ക് നല്ലതെങ്കിൽ എന്നെ മരിപ്പിക്കണേ.''(മുസ്ലിം)

അനസി(റ)ൽ നിന്ന് നിവേദനം: നബി(സ്വ) മുസ്ലിമായ ഒരു രോഗിയെ സന്ദർശിച്ചു. ശരീരം ശോഷിച്ച് ദുർബലനായ അയാൾ വിവശനായിരുന്നു. നബി(സ്വ)അയാളോട് ചോദിച്ചു: താങ്കൾ എന്തെങ്കിലും പ്രാർഥിക്കുന്നുണ്ടോ? തനിക്കെതിരെ പ്രാർഥിച്ചിട്ടുണ്ടോ? അയാൾ പറഞ്ഞു: 'അല്ലാഹുവേ, പരലോകത്ത് വെച്ച് എന്നെ ശിക്ഷിക്കരുതേ, എനിക്കുള്ള ശിക്ഷ ദുനിയാവിൽ നിന്നു തന്നെ നൽകിത്തീർക്കേണമേ' എന്നു പ്രാർഥിച്ചിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: സുബ്ഹാനല്ലാഹ്! അങ്ങനെവയ്യ. എന്നിട്ട് ഇങ്ങനെ പ്രാർഥിക്കാൻ നിർദേശിച്ചു:

اللّهمّ آتِنَا فِي الدّنْيَا حَسَنَةً وفِي الآخِرَةِ حسَنَةً وَقِنَا عذَابَ النّارِ

''അല്ലാഹുവേ, ദുൻയാവിൽ ഞങ്ങൾക്ക് നൻമ നൽകേണമേ, പരലോകത്തും ഞങ്ങൾക്ക് നൻമ നൽകേണമേ, നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തു രക്ഷിക്കുകയും ചെയ്യേണമേ''

നബി(സ്വ) അയാൾക്ക് വേണ്ടി പ്രാർഥിക്കുകയും അയാൾ രോഗവിമുക്തനാവുകയും ചെയ്തു. (മുസ്ലിം)

സ്വന്തം കഴിവുകേട് പ്രകടമാക്കുകയും പ്രാർഥന മുഖേന അല്ലാഹുവിൽ അഭയം തേടുകയുമാണ് സത്യ വിശ്വാസി ചെയ്യേണ്ടത്.

## പ്രാർഥനയിലെ മര്യാദകൾ

രോഗശമനത്തിന് മരുന്നു കഴിക്കുന്നതോടൊപ്പം പഥ്യം ആചരിക്കണം. പ്രാർഥന അല്ലാഹു മനുഷ്യനെ പരിഗണിക്കാനുള്ള നിബന്ധനയാണ്. പ്രാർഥന പരിഗണനീയമാവാനുള്ള കാര്യങ്ങൾ പ്രാർഥനയുടെ പഥ്യമാണെന്നു പറയാം. അവയത്രെ പ്രാർഥനയിലെ നിബന്ധനകളും മര്യാദകളും.

### മനസ്സാന്നിധ്യവും ആത്മാർഥതയും

വിനയത്തോടെയും വിധേയത്വത്തോടെയും വേണം പ്രാർഥിക്കാൻ "താഴ്മയോടുകൂടിയും രഹസ്യമായും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക."(അഅ്റാഫ്:55)

### ഉത്തരം കിട്ടുമെന്ന് ഉറപ്പിക്കുക

തന്റെ വീഴ്ചകളും പോരായ്മകളും അംഗീകരിച്ച് ഇനി അവ്വിധം പ്രവർത്തിക്കുകയില്ലെന്ന പ്രതിജ്ഞയെടുത്ത് ഖേദത്തോടെയും പശ്ചാത്താപബോധത്തോടെയും ആത്മാർഥമായി വേണംപ്രാർഥിക്കാൻ.

"ഉത്തരം കിട്ടുമെന്ന് ഉറപ്പിച്ചുകൊണ്ട് നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുക. അശ്രദ്ധമായ ഹൃദയത്തിൽ നിന്നുള്ള പ്രാർഥന അല്ലാഹു സ്വീകരിക്കുകയില്ലെന്ന് അറിഞ്ഞുകൊള്ളുക."(ബുഖാരി)

നിന്നും ഇരുന്നു ഏതു സ്ഥിതിയിലും പ്രാർഥിക്കാമെന്നാണ് നബിചര്യയിൽ നിന്നും മനസ്സിലാവുന്നത്.

### ഹംദും സ്വലാത്തും

പ്രാർഥന ആരംഭിക്കുന്നത് അല്ലാഹുവിനെ സ്തുതിച്ചും നബി(സ്വ) യുടെ മേൽ സ്വലാത്തും സലാമും ചൊല്ലിയുമാവണം.(തിർമിദി)

### കൈകൾ ഉയർത്തൽ

നബി(സ്വ)പറഞ്ഞു: നിങ്ങളുടെ നാഥൻ നിത്യനായ ഔദാര്യവാനാണ്. അവനിലേക്ക് ഇരുകൈകളും ഉയർത്തിയാൽ അവയെ അവൻ വെറുതെ വിടുകയില്ല,( തിർമിദി, അബൂദാവൂദ്)

നബി(സ്വ) കൈകൾ ഉയർത്തി പ്രാർഥിച്ചതായുള്ള ചില റിപ്പോർട്ടുകളിൽ ഇരു കക്ഷങ്ങളിലേയും വെളുപ്പ് കാണത്തക്കവിധം കൈകൾ ഉയർത്തിയിരുന്നതായി കാണാം. കക്ഷങ്ങൾ ഇറുക്കിപിടിക്കാതെ ഇരുകൈകളും തലയുടെ നേരേ എത്തത്തക്കവിധം ഉയർന്നിരുന്നതായി മനസ്സിലാക്കാം. എന്നാൽ പ്രാർഥിക്കുമ്പോൾ കൈകൾ ഉയർത്തൽ ഉത്തരം പ്രതീക്ഷിക്കുന്നതിന്റേയും വിനയത്തിന്റേയും

രൂപമാണെന്നല്ലാതെ കൈകൾ ഏതു ഉയരത്തിൽ ഉയർത്തണമെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. നബി(സ്വ) കൈകൾ ചുമൽ വരെയും (തിർമിദി) മുഖത്തിനുനേരേയും (അബൂദാവൂദ്) ഉയർത്തിയതായി റിപ്പോർട്ടുകളുണ്ട്. സന്ദർഭത്തിനനുസരിച്ച് യുക്തമായ രീതി സ്വീകരിക്കാമെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

**ക്വിബ്ലക്ക് അഭിമുഖമാകൽ**

പ്രാർഥിക്കുമ്പോൾ ക്വിബ്ലക്ക് അഭിമുഖമായി കാൽമുട്ടുകൾ ചേർത്ത് ഒതുക്കത്തോടെ ഇരിക്കണമെന്ന് ഹദീസിലുണ്ട്. (തിർമിദി) എന്നാൽ, നബി(സ്വ)ജുമുഅ ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കേ ഒരാൾ മഴക്കുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ടപ്പോൾ അതേ സ്ഥാനത്ത് നിന്നു പ്രാർഥിക്കുകയാണുണ്ടായത്. പ്രാർഥിക്കുന്നവന്ന് വുദ്വൂ ഉണ്ടായിരിക്കുകയും പ്രാർഥിക്കുന്ന സ്ഥലം വൃത്തിയുള്ളതായിരിക്കുകയും ചെയ്യുന്നത് ഉത്തമമാണെന്ന് ഇതിന്റെ അടിസ്ഥാനത്തിൽ പൂർവിക പണ്ഡിതർ പറഞ്ഞിട്ടുണ്ട്. മിക്കപ്പോഴും നമസ്കാരാനന്തരമാണ് പ്രാർഥിച്ചിരുന്നതെന്നതിനാലും എപ്പോഴും വുദ്വൂ ഉണ്ടായിരിക്കുന്നത് പുകഴ്ത്തപ്പെട്ടതാണ് എന്നതിനാലും പ്രാർഥിക്കുമ്പോൾ വുദ്വൂ വേണമെന്ന് പ്രത്യേകം പറയേണ്ടതില്ല.

**മൂന്നു തവണ ആവർത്തിക്കൽ**

നബി(സ്വ) പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കുമ്പോൾ ആവശ്യം മൂന്നു തവണ ആവർത്തിച്ചു പറഞ്ഞിരുന്നു.(മുസ്ലിം)

**അല്ലാഹുവിന്റെ അത്യുത്തമമായ പേരുകൾ വിളിച്ചു പ്രാർഥിക്കുക.**

"അല്ലാഹുവിന് ഉൽകൃഷ്ട നാമങ്ങൾ (അസ്മാഉൽ ഹുസ്നാ)ഉണ്ട്. ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു തേടികൊള്ളുക." (അഅ്റാഫ്:180)

**പൊതുകാര്യങ്ങൾക്കു പ്രാമുഖ്യം**

വ്യക്തിപരമോ പ്രത്യേകമോ ആയ കാര്യങ്ങളിലായിരുന്നില്ല നബി (സ്വ) യുടെ അധിക പ്രാർഥനകളും. നബി(സ്വ) കൂടുതലായി പ്രാർഥിച്ചിരുന്നത്:

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّار

"ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് ഇഹത്തിൽ നല്ലതു നൽകേണമേ, പരത്തിലും നല്ലത് നൽകേണമേ. നരകശിക്ഷയിൽ നിന്നും ഞങ്ങളെ കാക്കുകയും ചെയ്യേണമേ"(ബുഖാരി, മുസ്ലിം) എന്നായിരുന്നു.

ആദ്യം സ്വന്തത്തിനു വേണ്ടിയും പിന്നെ മാതാപിതാക്കൾക്കും സഹോദരീ സഹോദരൻമാർക്കും മുഴുവൻ മുസ്ലിംകൾക്കും വേണ്ടിയാണ് പ്രർഥിക്കേണ്ടത്. 'എനിക്ക് നൽകേണമേ' എന്നല്ല, 'ഞങ്ങൾക്ക് നൽകേണമേ' എന്നാണ് നബി(സ്വ) മിക്കപ്പോഴും പ്രാർഥിച്ചിരുന്നത്.

**ആമീൻ പറയൽ**

പ്രാർഥന അവസാനിപ്പിക്കുന്നത് ' ആമീൻ'(ഉത്തരം നൽകേണമേ) പറഞ്ഞുകൊണ്ടായിരിക്കണം.

അബൂഹുറയ്റയിൽ നിന്ന് നിവേദനം: നമസ്കാരത്തിൽ ഇമാം ആമീൻ പറഞ്ഞാൽ നിങ്ങളും ആമീൻ പറയുക. തീർച്ചയായും മലക്കുകളും ആമീൻ പറയും. ആരുടെയെങ്കിലും ആമീൻ മലക്കുകളുടെ ആമീനുമായി യോജിച്ചുവന്നാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.(ബുഖാരി)

പ്രാർഥിക്കുമ്പോൾ ആമീൻ പറഞ്ഞു വിരമിച്ചാൽ അയാൾക്ക് സ്വർഗം നിർബന്ധമായി എന്ന് നബി(സ്വ) പറഞ്ഞതായി അബൂസുഹയ്റ(റ)യിൽ നിന്ന് അബൂദാവൂദ് ഉദ്ധരിച്ചിട്ടുണ്ട്.

പ്രാർഥിക്കുമ്പോൾ കൈകൾ ഉയർത്തണമെന്നതിന് ഹദീസുകളിൽ തെളിവുണ്ടെങ്കിലും പ്രാർഥന അവസാനിക്കുമ്പോൾ ഇരുകൈകൾ കൊണ്ടും മുഖം തടവുന്നതിന് തെളിവില്ല. ശയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ(റ)പറയുന്നു: "പ്രാർഥന അവസാനിപ്പിക്കുമ്പോൾ കൈകൾ കൊണ്ട് മുഖം തടവുന്നതിന് തെളിവായി പറഞ്ഞുകാണുന്ന രണ്ടു ഹദീസുകളും തെളിവിനു പര്യാപ്തമല്ല."(ഫത്വാഭാഗം:22)

എന്നാൽ രോഗിയായപ്പോൾ നബി(സ്വ) 'മുഅവ്വിദത്താനി' ഓതിയിട്ട് ഇരുകൈകളിലും ഊതുകയും മുഖവും ശരീരവും തടവുകയും ചെയ്യുന്നുവെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അതാകട്ടെ, സാധാരണ നിർവഹിക്കുന്ന പ്രാർഥനകൾക്ക് ശേഷം മുഖം തടവാമെന്നതിനു തെളിവാകുന്നില്ല.

കൂട്ടു പ്രാർഥനയുടെ കാര്യവും അങ്ങനെതന്നെ. മിക്ക പ്രാർഥനകളും ഒരോരുത്തരും നിർവഹിക്കാനുള്ളതാണ്. ജുമുഅ ഖുത്വുബയുടെ അവസാനത്തിലും മഴക്കുവേണ്ടിയുള്ള പ്രാർഥനയിലും ഇമാം പ്രാർഥിക്കുകയും സന്നിഹിതരായവർ ആമീൻ പറയുകയും ചെയ്യേണ്ടതുണ്ട്. നബി(സ്വ) പ്രത്യേക സന്ദർഭങ്ങളിലും ഇങ്ങനെ നിർവഹിച്ചിട്ടുണ്ട്. എന്നാൽ, അഞ്ചുനേരങ്ങളിലെ നിർബന്ധ ജമാഅത്ത് നമസ്കാരങ്ങൾക്കു ശേഷം ഇമാം പ്രാർഥിക്കുകയും മഅ്മൂമുകൾക്ക് ആമീൻ പറയുകയും ചെയ്യുന്നതിന് യാതൊരു തെളിവുമില്ല. ഈ കൂട്ടു പ്രാർഥന ബിദ്അത്താണ്. അതിനാൽ തന്നെ ചെയ്യാൻപാടില്ലാത്തതും.

## പ്രാർഥിക്കാൻ തെരെഞ്ഞെടുക്കുന്ന സമയം

ഏതു സമയത്തു പ്രാർഥിച്ചാലും ഉത്തരം ലഭിക്കുന്നതാണ്. എന്നാൽ പ്രാർഥനക്ക് തെരെഞ്ഞെടുക്കാവുന്ന പ്രത്യേക സമയങ്ങളെപ്പറ്റി കുർആനിലും ഹദീസുകളിലും വന്നിട്ടുണ്ട്. രാത്രിയിലെ അന്ത്യയാമം(വി.ക്വു51:18,ബുഖാരി, മുസ്ലിം), പ്രഭാതത്തിലും പ്രദോഷത്തിലും (കഹ്ഫ്:28അൻആം;52), നോമ്പു തുറക്കുന്നസമയം(മുസ്ലിം),

നിര്‍ബന്ധമായ നമസ്കാരത്തിനു ശേഷം(തിര്‍മിദി), റമദാന്‍, പ്രത്യേ കിച്ചും ലയ്‌ലത്തുല്‍ക്വദ്ര്‍(തിര്‍മിദി), ബാങ്കിനും ഇക്വാമത്തിനും ഇട യ്ക്ക് (അബൂദാവൂദ്), അറഫാദിനം (തിര്‍മിദി), വെള്ളിയാഴ്ച്ചയിലെ പ്രത്യേകസമയം(മുസ്‌ലിം)മുതലായവയാണവ.

## പ്രത്യേകം സ്വീകരിക്കപ്പെടുന്ന പ്രാര്‍ഥനകള്‍

മക്കള്‍ക്കുവേണ്ടി മാതാപിതാക്കളുടെ പ്രാര്‍ഥന (തിര്‍മിദി) നോമ്പുകാരന്‍ നോമ്പുതുറക്കുമ്പോള്‍ (തിര്‍മിദി, അഹ്‌മദ്), നീതി മാനായ ഭരണാധിപന്റെ പ്രാര്‍ഥന(ബുഖാരി,മുസ്‌ലിം, തിര്‍മിദി, അഹ്‌മദ്), മര്‍ദിതന്റെ പ്രാര്‍ഥന (തിര്‍മിദി, അഹ്‌മദ്) യാത്രക്കാരന്റെ പ്രാര്‍ഥന (തിര്‍മിദി) അനുസരണയുള്ള മക്കള്‍ മാതാപിതാക്കള്‍ക്കു വേണ്ടി പ്രാര്‍ഥിക്കുന്നത് (അബൂദാവൂദ്) ഇവയാണ് സ്വീകരിക്കപ്പെടുന്ന പ്രധാന പ്രാര്‍ഥനകളായി സ്ഥിരപ്പെട്ടിട്ടുള്ളത്.

# ക്വുർആനിലെ പ്രാർഥനകൾ

## പ്രവാചകൻമാരുടെ പ്രാർഥനകൾ

പ്രവാചകൻമാർ വിവിധ സന്ദർഭങ്ങളിൽ പ്രാർഥിച്ചതും വിശ്വാസികൾ പ്രാർഥിക്കേണ്ടതുമായ ഏതാനും പ്രാർഥനകൾ ക്വുർആനിലുണ്ട്. അവയിൽ ചിലതാണ് ഈ അധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**ആദം(അ)**

رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾

“ഞങ്ങളുടെ നാഥാ, ഞങ്ങൾ സ്വന്തത്തോടും തന്നെ ദ്രോഹം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണകാണിക്കുകയും ചെയ്യാത്തപക്ഷം ഞങ്ങൾ നഷ്ടക്കാരിൽ പെട്ടുപോകും.”(അഅ്റാഫ്:23)

**നൂഹ്(അ)**

رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ﴿٢٩﴾

“നാഥാ, എന്നെ അനുഗൃഹീതമായ ഒരു താവളത്തിൽ അധിവസിപ്പിച്ചാലും. അധിവസിപ്പിക്കുന്നവരിൽ ഉത്തമനല്ലോ നീ!” (മുഅ്മിനൂൻ:29)

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ
وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

“നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസിയായികൊണ്ട് എന്റെ വീട്ടിൽ പ്രവേശിച്ചവർക്കും എല്ലാ സത്യവിശ്വാസികൾക്കും നീ പൊരുത്തുതരേണമേ. അക്രമികൾക്കു നാശമല്ലാതെ കൂടുതലാക്കരുതേ.”(നൂഹ്:28)

**ഇബ്റാഹീം(അ)**

رَبَّنَا تَقَبَّلْ مِنَّآ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾ رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾

"ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് നീ സ്വീകരിച്ചാലും തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ. ഞങ്ങളുടെ നാഥാ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്കു കാണിച്ചുതരികയും ഞങ്ങളുടെ പാശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ! തീർച്ചയായും നീ അത്യധികം പാശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു." (ബക്വറ:127,128)

رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾

"എന്റെ രക്ഷിതാവേ, ഈ നാടിനെ നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റിനിർത്തുകയും ചെയ്യേണമേ." (ഇബ്റാഹീം:35)

رَبَّنَآ إِنَّكَ تَعْلَمُ مَا نُخْفِى وَمَا نُعْلِنُ ۗ وَمَا يَخْفَىٰ عَلَى ٱللَّهِ مِن شَىْءٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ﴿٣٨﴾

"ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ മറച്ചുവെക്കുന്നതും പരസ്യമാക്കുന്നതും എല്ലാം നീ അറിയും. ഭൂമിയിലുള്ളതോ ആകാശത്തുള്ളതോ ആയ യാതൊരു വസ്തുവും അല്ലാഹുവിന്റെ കാഴ്ചയിൽ നിന്നും മറഞ്ഞുപോവുകയില്ലല്ലോ."(ഇബ്റാഹീം:38

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾ رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ ﴿٤١﴾

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം

നിർവഹിക്കുന്നവനാക്കേണമേ , എന്റെ സന്തതികളിൽപെട്ടവരേയും. ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന സ്വീകരിക്കുകയും ചെയ്യേണമേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും നീ പൊറുത്തുതരേണമേ.'' (ഇബ്റാഹീം:40,41)

رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿٨٣﴾ وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ ﴿٨٤﴾ وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾

''എന്റെ രക്ഷിതാവേ, എനിക്കു നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽക്കീർത്തി ഉണ്ടാക്കേണമേ. എന്നെ നാ സുഖസമ്പൂർണമായ സ്വർഗ്ഗത്തിന്റെ അവകാശികൾ പെട്ടവനാക്കേണമേ.''(ശുഅറാ:83,85)

وَلَا تُخْزِنِى يَوْمَ يُبْعَثُونَ ﴿٨٧﴾

''മനുഷ്യർ ഉയിർന്നെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ.''(ശുഅറാ:87)

رَبِّ هَبْ لِى مِنَ ٱلصَّٰلِحِينَ ﴿١٠٠﴾

''എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നാ എനിക്ക് (പുത്രനായി)പ്രദാനം ചെയ്യേണമേ.''(സ്വാഫ്ഫാത്ത്:100)

رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ﴿٤﴾ رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٥﴾

''ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾക്ക് ഭരമേൽപ്പിക്കുകയും നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ സത്യനിഷേധികളുടെ പരീക്ഷണത്തിനിരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും.'' (മുംതഹന:4-5)

**ലൂത്വ്(അ)**

رَبِّ ٱنصُرْنِي عَلَى ٱلْقَوْمِ ٱلْمُفْسِدِينَ ﴿٣٠﴾

"രക്ഷിതാവേ, നാശകാരികളായ ജനതക്കെതിരിൽ നീ എന്നെ സഹായിക്കേണമേ."(അൻകബൂത്:30)

**യൂസുഫ്(അ)**

فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِيِّۦ فِي ٱلدُّنْيَا وَٱلْآخِرَةِ ۖ تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِٱلصَّٰلِحِينَ ﴿١٠١﴾

"ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ."(യൂസുഫ്:101)

**യൂനുസ്(അ)**

لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ ﴿٨٧﴾

"നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു."(അൻബിയാഅ്:87)

**അയ്യൂബ്(അ)**

أَنِّي مَسَّنِيَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾

"എന്നെ ഇതാ വിഷമം ബാധിച്ചിരിക്കുന്നു. നീയാകട്ടെ കാരുണ്യവാൻമാരിൽ ഏറ്റവും കരുണയുള്ളവനാണല്ലോ."(അൻബിയാഅ്:83)

**സുലയ്മാൻ(അ)**

رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ﴿١٩﴾

"എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സദ്കർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം

നൽകേണമേ. നിന്റെ കാരുണ്യത്താൽ സദ്‌വൃത്തരായ നിന്റെ ദാസൻ മാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ.'' (നംല്:19)

**സകരിയ്യാ(അ)**

رَبِّ هَبْ لِي مِن لَّدُنكَ ذُرِّيَّةً طَيِّبَةً إِنَّكَ سَمِيعُ الدُّعَاءِ ﴿٣٨﴾

''എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവ നാണല്ലോ.''(ആലുഇംറാൻ:38)

رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ الْوَارِثِينَ ﴿٨٩﴾

''നാഥാ, നീ എന്നെ ഏകനായി വിട്ടുകളയരുതേ. നീ അനന്തരാ വകാശികളിൽ ഉത്തമനാണല്ലോ.''(അൻബിയാഅ്;89)

**മൂസാ(അ)**

رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي

''എന്റെ രക്ഷിതാവേ, ഞാൻ എന്നോടു തന്നെ അക്രമം പ്രവർത്തി ച്ചിരിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്തുതരേണമേ.'' (ക്വസ്വസ്:16)

رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِينَ ﴿٢١﴾

''നാഥാ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷിക്കേ ണമേ.'' (ക്വസ്വസ്:21)

رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾

''നാഥാ, എനിക്കു നീ ഏതനുഗ്രഹം നൽകുന്നുവോഅതെനിക്ക് ആവശ്യമുണ്ട്.''ക്വസ്വസ്:24)

رَبِّ اشْرَحْ لِي صَدْرِي ﴿٢٥﴾ وَيَسِّرْ لِي أَمْرِي ﴿٢٦﴾ وَاحْلُلْ عُقْدَةً مِّن لِّسَانِي ﴿٢٧﴾
يَفْقَهُوا قَوْلِي ﴿٢٨﴾

''നാഥാ, എന്റെ ഹൃദയം വിശാലമാക്കിത്തരികയും കാര്യങ്ങളെ നിക്ക് എളുപ്പമാക്കിത്തരികയും നാവിന്റെ കെട്ടഴിച്ചുതരികയും ചെയ്യേണമേ. ഞാൻ പറയുന്നത് അവർ ഗ്രഹിക്കുമാറാവട്ടെ.'' (ത്വാഹാ:25-28)

**ഈസാ(അ)**

رَبَّنَآ أَنزِلْ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ تَكُونُ لَنَا عِيدًا لِّأَوَّلِنَا وَءَاخِرِنَا وَءَايَةً مِّنكَ ۖ وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ ﴿١١٤﴾

“ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്ക് ഞങ്ങളിലെ ആദ്യത്തിലുള്ളവന്നും അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം അത്. ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ.”(മാഇദ:114)

## സത്യവിശ്വാസികളുടെ പ്രാർഥനകൾ

വിശുദ്ധക്വുർആനിൽ സത്യവിശ്വാസികളുടെ പ്രാർഥനകളായി പഠിപ്പിക്കുന്നതിൽ നിന്ന്:

رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٥٠﴾

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ക്ഷമ ചൊരിഞ്ഞുതരേണമേ. ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും സത്യനിഷേധികളായ ജനവിഭാഗങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.”(ബക്വറ:250)

رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹത്തിലും പരത്തിലും നൻമ നൽകിയാലും. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു സൂക്ഷിച്ചാലും.”(ബക്വറ:201)

رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٦﴾

“ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോവുകയോ ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ.

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളിൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പു നൽകുകയും ഞങ്ങളോടു പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ."(ബക്വറ:286)

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ

"ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു."(ആലുഇംറാൻ:8)

ٱللَّهُمَّ مَٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ
مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾

"ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നല്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നൻമയുള്ളത്. നിശ്ചയമായും നീ എല്ലാ കാരുണ്യത്തിനും കഴിവുള്ളവനാകുന്നു."(ആലുഇംറാൻ:26)

رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ
ٱلْكَٰفِرِينَ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ."(ആലുഇംറാൻ:147)

رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُۥ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ

"ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ

പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ലതാനും.”(ആലുഇംറാൻ:192)

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾ رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ

“ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ ‘നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ’ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളുടെ തിൻമകൾ ഞങ്ങളിൽ നിന്നു നീ മായ്ച്ചുകളയുകയും ചെയ്യേണമേ, പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതൻമാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്കു നൽകുകയും ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച.”(ആലുഇംറാൻ:193,194)

رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും ഞങ്ങളെ മുസ്ലിംകളായി മരിപ്പിക്കുകയും ചെയ്യേണമേ” (അഅ്റാഫ്:126)

عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّٰلِمِينَ ﴿٨٥﴾ وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَٰفِرِينَ ﴿٨٦﴾

“അല്ലാഹുവിന്റെ മേൽ ഞങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനവിഭാഗത്തിന്റെ മർദനത്തിനിരയാക്കരുതേ, നിന്റെ കാരുണ്യം കൊണ്ട് സത്യനിഷേധികളായ ജനതയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ.”(യൂനുസ്:85,86)

رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ

“എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ

ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സദ്കർമം പ്രവർത്തിക്കാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിതരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.'' (അഹ്ക്വാഫ്;15)

رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾ إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا

''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ. തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും നരകം ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു.''(ഫുർക്വാൻ:65,66)

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾

''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.''(ഫുർക്വാൻ:74)

رَبَّنَا أَتْمِمْ لَنَا نُورَنَا وَاغْفِرْ لَنَا إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٨﴾

''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് നീ പൂർത്തീകരിച്ചു തരികയും ഞങ്ങൾക്ക് നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.''(തഹ്‌രീം:8)

## നബി(സ്വ) യുടെ പ്രാർഥന

رَّبِّ اغْفِرْ وَارْحَمْ وَأَنتَ خَيْرُ الرَّاحِمِينَ ﴿١١٨﴾

''നാഥാ, നീ പൊറുക്കുകയും കരുണചൊരിയുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ.''(മുഅമിനൂൻ:118)

رَّبِّ زِدْنِي عِلْمًا

''നാഥാ, എനിക്ക് വിജ്ഞാനം വർധിപ്പിച്ചുതരേണമേ.''(ത്വാഹാ:114)

## ഹിജ്റയുടെ സന്ദർഭത്തിൽ

رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَاجْعَل لِّي مِن لَّدُنكَ سُلْطَانًا نَّصِيرًا

''നാഥാ എന്നെ നല്ല നിലയിൽ(മദീനയിൽ)പ്രവേശിപ്പിക്കുകയും നല്ല നിലയിൽ (മക്കയിൽനിന്ന്) പുറപ്പെടുവിക്കുകയും നിന്റെ പക്കൽ നിന്ന് പ്രമാണവും സഹായവും നീ നൽകുകയും ചെയ്യേണമേ.'' (ഇസ്റാഅ്:80)

## ഗുഹാവാസികളുടെ പ്രാർഥന

رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا

''ഞങ്ങളുടെ നാഥാ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവ ഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.''(കഹ്ഫ്:75)

## പീഡിതരുടെ പ്രാർഥന

رَبَّنَآ أَخْرِجْنَا مِنْ هَٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا

''ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിന്റെ വകയായി ഒരു രക്ഷാധികാരിയേയും നിന്റെ വകയായി ഒരു സഹായിയേയും ഞങ്ങൾക്ക് നീ നിശ്ചയിച്ചു തരികയും ചെയ്യേണമേ.''(നിസാഅ്:75)

## മാതാപിതാക്കൾക്കുവേണ്ടിയുള്ള പ്രാർഥന

رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِي صَغِيرًا

''നാഥാ, ഇവരിരുവരും എന്നെ ചെറുപ്പത്തിൽ ഏതു പ്രകാരം പോറ്റിവളർത്തിയോ അതേപ്രകാരം അവർക്ക് നീ കരുണ ചെയ്യേണമേ.''(ഇസ്റാഅ്:24)

## സജ്ജനങ്ങൾക്കുവേണ്ടി പിൻഗാമികളുടെ പ്രാർഥന

رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا
غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ

“ഞങ്ങളുടെ രക്ഷിതാവേ,ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്കുമുമ്പ് കഴിഞ്ഞു പോയിട്ടുള്ള സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.”(ഹശ്റ്:10)

## അർശിനെ വഹിക്കുന്ന മലക്കുകളുടെ പ്രാർഥന

رَبَّنَا وَسِعْتَ كُلَّ شَىْءٍ رَّحْمَةً وَعِلْمًا فَٱغْفِرْ لِلَّذِينَ تَابُوا۟ وَٱتَّبَعُوا۟
سَبِيلَكَ وَقِهِمْ عَذَابَ ٱلْجَحِيمِ ﴿٧﴾ رَبَّنَا وَأَدْخِلْهُمْ جَنَّٰتِ عَدْنٍ ٱلَّتِى
وَعَدتَّهُمْ وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ ۚ إِنَّكَ أَنتَ
ٱلْعَزِيزُ ٱلْحَكِيمُ ﴿٨﴾ وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ
فَقَدْ رَحِمْتَهُۥ ۚ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٩﴾

“ഞങ്ങളുടെ രക്ഷിതാവേ, നിന്റെ കാരുണ്യവും അറിവും സകലവസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. ആകയാൽ പാശ്ചാത്തപിക്കുകയും നിന്റെ മാർഗം പിൻതുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, അവർക്കു നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ, ഭാര്യമാർ, സന്തതികൾ എന്നിവരിൽ നിന്ന് സദ്‌വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. അവരെ നീ തിൻമകളിൽനിന്നും കാക്കുകയും ചെയ്യേണമേ. അന്നേ ദിവസം നീ ഏതൊരാളെ തിൻമകളിൽ നിന്നു കാക്കുന്നുവോ അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതുതന്നെയാകുന്നു മഹാഭാഗ്യം.”(മുഅ്മിൻ:7-9)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢ ٱلرَّحۡمَٰنِ ٱلرَّحِيمِ ٣
مَٰلِكِ يَوۡمِ ٱلدِّينِ ٤ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ٥ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ
٦ صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ٧

‘‘പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. സ്തുതി സർവലോകപരിപാലകനായ അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാനിധിയും. പ്രതിഫലദിവസത്തിന്റെ ഉടമസ്ഥനായ(അല്ലാഹുവിന്). നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേർമാർഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ചേർക്കേണമേ, കോപത്തിനിരയായവരുടെ മാർഗത്തിലല്ല, പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.’’(ഫാതിഹ;1-7)

رَبِّ ٱجۡعَلۡ هَٰذَا بَلَدًا ءَامِنٗا وَٱرۡزُقۡ أَهۡلَهُۥ مِنَ ٱلثَّمَرَٰتِ مَنۡ ءَامَنَ مِنۡهُم بِٱللَّهِ وَٱلۡيَوۡمِ
ٱلۡأٓخِرِۚ قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلٗا ثُمَّ أَضۡطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِۖ وَبِئۡسَ ٱلۡمَصِيرُ
١٢٦ وَإِذۡ يَرۡفَعُ إِبۡرَٰهِـۧمُ ٱلۡقَوَاعِدَ مِنَ ٱلۡبَيۡتِ وَإِسۡمَٰعِيلُ رَبَّنَا تَقَبَّلۡ مِنَّآۖ إِنَّكَ
أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ١٢٧ رَبَّنَا وَٱجۡعَلۡنَا مُسۡلِمَيۡنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةٗ
مُّسۡلِمَةٗ لَّكَ وَأَرِنَا مَنَاسِكَنَا وَتُبۡ عَلَيۡنَآۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ١٢٨ رَبَّنَا
وَٱبۡعَثۡ فِيهِمۡ رَسُولٗا مِّنۡهُمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِكَ وَيُعَلِّمُهُمُ ٱلۡكِتَٰبَ
وَٱلۡحِكۡمَةَ وَيُزَكِّيهِمۡۖ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ ١٢٩

‘‘എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ’ എന്ന് ഇബ്റാഹിം പ്രാർഥിച്ച സന്ദർഭവും(ഓർക്കുക) അല്ലാഹു പറഞ്ഞു:അവിശ്വസിച്ചവനും (ഞാൻ ആഹാരം നൽകുന്നതാണ്).പക്ഷേ അല്പകാലത്തെ ജീവിതസുഖം മാത്രമാണ് അവന്ന് ഞാൻ നൽകുക. പിന്നീട് നരകശിക്ഷ ഏൽക്കാൻ ഞാൻ അവനെ നിർബന്ധിതനാക്കുന്നതാണ്. (അവന്ന്) ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ. ഇബ്റാഹീമും ഇസാമാഈലും കൂടി ആ

ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടിഉയർത്തികൊണ്ടിരിക്കുന്ന സന്ദർഭവും (അനുസ്മരിക്കുക) (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു.)

'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിരുവരേയും നിനക്ക് കീഴ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും ഞങ്ങളുടെ പാശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ, തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുനന്വനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക്(ഞങ്ങളുടെ സന്താനങ്ങൾക്ക്)നിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപ്പിച്ചുകൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപിയും അഗാധജ്ഞാനിയുമാകുന്നു.'' (ബക്വറ:126-129)

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيْهِ مِن رَّبِّهِۦ وَٱلْمُؤْمِنُونَ ۚ كُلٌّ ءَامَنَ بِٱللَّهِ
وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِۦ ۚ وَقَالُوا۟ سَمِعْنَا
وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾

''തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു; (അതിനെതുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപ്പിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്)അവർ പറയുകയും ചെയ്തു:'ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു(ഞങ്ങളുടെ)മടക്കം.''(ബക്വറ:285)

وَضَعَتْهَا قَالَتْ رَبِّ إِنِّى وَضَعْتُهَآ أُنثَىٰ وَٱللَّهُ أَعْلَمُ بِمَا وَضَعَتْ وَلَيْسَ ٱلذَّكَرُ
كَٱلْأُنثَىٰ ۖ وَإِنِّى سَمَّيْتُهَا مَرْيَمَ وَإِنِّىٓ أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ ٱلشَّيْطَٰنِ

ٱلرَّجِيمِ ﴿٣٦﴾ فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنۢبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا ۖ كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا ٱلْمِحْرَابَ وَجَدَ عِندَهَا رِزْقًا ۖ قَالَ يَـٰمَرْيَمُ أَنَّىٰ لَكِ هَـٰذَا ۖ قَالَتْ هُوَ مِنْ عِندِ ٱللَّهِ ۖ إِنَّ ٱللَّهَ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ﴿٣٧﴾

“എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ. എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ. ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്ന് അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു.

അങ്ങനെ അവളുടെ (മർയമിന്റെ)രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും നല്ല നിലയിൽ വളർത്തികൊണ്ട് വരികയും അവളുടെ സംരക്ഷണചുമതല അവൻ സകരിയ്യായെ ഏല്പിക്കുകയും ചെയ്തു.‘മിഹ്റാബി‘ൽ(പ്രാർഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നുചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു:മർയമേ നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്?അവൾ മറുപടി പറഞ്ഞു:‘അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു. ‘തീർച്ചയായും അല്ലാഹു താനുദ്ദേശിക്കുന്നവവർക്ക് കണക്ക്നോക്കാതെ നൽകുന്നു. അവിടെ വച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു:’ എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഉത്തമസന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ’ എന്നദ്ദേഹം പറഞ്ഞു.”(ആലുഇംറാൻ:36-38)

رَبَّنَآ ءَامَنَّا بِمَآ أَنزَلْتَ وَٱتَّبَعْنَا ٱلرَّسُولَ فَٱكْتُبْنَا مَعَ ٱلشَّـٰهِدِينَ

“(തുടർന്ന് അവർ പ്രാർഥിച്ചു:)ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും (നിന്റെ)ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.”(ആലുഇംറാൻ:53)

قَالَ رَبِّ ٱلسِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِيٓ إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُن مِّنَ ٱلْجَـٰهِلِينَ

“അവൻ (യൂസുഫ്)പറഞ്ഞു:എന്റെ രക്ഷിതാവേ, ഇവർ എന്നെ

ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെ വിട്ട് നീ തിരിച്ചു കളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോവുകയും ചെയ്യും."(യൂസുഫ്:33)

فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّٰلِحِينَ

"ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ,നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ." (യൂസുഫ്:101)

رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾ رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾ رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ﴿٣٧﴾ رَبَّنَآ إِنَّكَ تَعْلَمُ مَا نُخْفِى وَمَا نُعْلِنُ ۗ وَمَا يَخْفَىٰ عَلَى ٱللَّهِ مِن شَىْءٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ﴿٣٨﴾ ٱلْحَمْدُ لِلَّهِ ٱلَّذِى وَهَبَ لِى عَلَى ٱلْكِبَرِ إِسْمَٰعِيلَ وَإِسْحَٰقَ ۚ إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ ﴿٣٩﴾ رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾

"എന്റെ രക്ഷിതാവേ, നീ ഈ നാടിനെ(മക്കയെ) നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റിനിർത്തുകയും ചെയ്യേണമേ. എന്റെ രക്ഷിതാവേ, തീർച്ചയായും അവ (വിഗ്രഹങ്ങൾ) മനുഷ്യരിൽ നിന്ന് വളരെപ്പേരെ പിഴപ്പിച്ചു കളഞ്ഞിരിക്കുന്നു. അതിനാൽ, എന്നെ ആർ പിൻതുടർന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു.

ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്നപക്ഷം തീർച്ച യായും നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ. ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ)കൃഷി യൊന്നും ഇല്ലാത്ത ഒരു താഴ്വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ(കഅ്ബ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹി ക്കാൻ വേണ്ടിയാണ് (അങ്ങനെചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ, അവർ നന്ദികാണിച്ചെന്നുവരാം. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ മറച്ചുവെക്കുന്നതും പരസ്യമാക്കുന്നതും എല്ലാം നീ അറിയും. ഭൂമിയിലുള്ളതോ ആകാശത്തുള്ളതോ ആയ യാതൊരു വസ്തുവും അല്ലാഹുവിന് അവ്യക്തമാവുകയില്ല. വാർധക്യകാലത്ത് എനിക്ക് ഇസ്മാഈലിനേയും ഇസ്ഹാക്വിനേയും പ്രദാനം ചെയ്ത അല്ലാ ഹുവിന് സ്തുതി. തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർഥന കേൾ ക്കുന്നവനാണ്. എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരേയും (അപ്രകാരം ആക്കേണമേ).ഞങ്ങളുടെ രക്ഷിതാവേ,എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.”(ഇബ്റാഹീം:35-40)

رَّبِّ أَدْخِلْنِى مُدْخَلَ صِدْقٍ وَأَخْرِجْنِى مُخْرَجَ صِدْقٍ وَٱجْعَل لِّى مِن لَّدُنكَ سُلْطَـٰنًا نَّصِيرًا

“എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റെ ബഹിർഗമന മാർഗ്ഗത്തി ലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ. നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ആധികാരികശക്തി നീ ഏർപ്പെടു ത്തിത്തരികയും ചെയ്യേണമേ.” (ഇസ്റാഅ്:96)

كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ ۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرًۢا بَصِيرًا

“എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെമതി. തീർച്ചയായും അല്ലാഹു തന്റെ ദാസൻമാരെപ്പറ്റി സൂക്ഷ്മ മായി അറിയുന്നവനും കാണുന്നവനുമാകുന്നു.” (ഇസ്റാഅ്:96). പൂർവവേദങ്ങളുടെ പൊരുൾ ശരിയാം വണ്ണം മനസ്സിലാക്കിയവർ വിശുദ്ധക്വുർആൻ കേൾക്കുമ്പോൾ അതിന്റെ ആധികാരികത ബോധ്യ പ്പെട്ട് അല്ലാഹുവിന് പ്രണാമമർപ്പിക്കും. അവർ പറയും:

رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

“ഞങ്ങളുടെ രക്ഷിതാവ് എത്ര പരിശുദ്ധൻ!തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിന്റെ വാഗ്ദാനം നടപ്പിലാക്കപ്പെടുന്നത് തന്നെയാകുന്നു”(ഇസ്റാഅ:108)

ഒരു സത്യവിശ്വാസി ഏതൊരു കാര്യം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയാണെങ്കിലും ഇൻശാ അല്ലാഹ്(അല്ലാഹു ഉദ്ദേശിച്ചെങ്കിൽ)എന്നു പറയണം. അത് മറന്നുപോയെങ്കിൽ ഓർമ്മവരുമ്പോൾ പറയണം.

وَلَا تَقُولَنَّ لِشَاْىْءٍ إِنِّي فَاعِلٌ ذَٰلِكَ غَدًا ﴿٢٣﴾ إِلَّآ أَن يَشَآءَ ٱللَّهُ ۚ وَٱذْكُر
رَّبَّكَ إِذَا نَسِيتَ وَقُلْ عَسَىٰٓ أَن يَهْدِيَنِ رَبِّي لِأَقْرَبَ مِنْ هَٰذَا رَشَدًا ﴿٢٤﴾

“ഏതൊരു കാര്യത്തെപ്പറ്റിയും നാളെ ഞാനത് തീർച്ചയായും ചെയ്യാം എന്ന് നീ പറഞ്ഞുപോകരുത്:അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ (ചെയ്യാമെന്ന്)അല്ലാതെ. നീ മറന്നുപോകുന്നപക്ഷം (ഓർമവരുമ്പോൾ) നിന്റെ രക്ഷിതാവിനെ അനുസ്മരിക്കുക. എന്റെ രക്ഷിതാവ് എന്നെ ഇതിനേക്കാൾ അടുത്ത ഒരു ജീവിതത്തിലേക്ക് നയിച്ചേക്കാം എന്നു പറയുകയും ചെയ്യുക.”(അൽകഹ്ഫ്:23,24)

قُلِ ٱللَّهُ أَعْلَمُ بِمَا لَبِثُوا۟ ۖ لَهُۥ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ أَبْصِرْ بِهِۦ
وَأَسْمِعْ ۚ مَا لَهُم مِّن دُونِهِۦ مِن وَلِيٍّ وَلَا يُشْرِكُ فِي حُكْمِهِۦٓ أَحَدًا ﴿٢٦﴾

“നീ പറയുക, അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യ ജ്ഞാനം അവന്നാണുള്ളത്. അവൻ എത്ര കാഴ്ചയുള്ളവൻ, എത്ര കേൾവിയുള്ളവൻ!അവന് പുറമെ അവർ(മനുഷ്യർ)ക്ക് യാതൊരു രക്ഷാധികാരിയുമില്ല. തന്റെ തീരുമാനാധികാരത്തിൽ യാതൊരാളെയും അവൻ പങ്കുചേർക്കുകയുമില്ല.”(അൽകഹ്ഫ്:26)

قَالَ رَبِّ إِنِّي وَهَنَ ٱلْعَظْمُ مِنِّي وَٱشْتَعَلَ ٱلرَّأْسُ شَيْبًا وَلَمْ أَكُنۢ
بِدُعَآئِكَ رَبِّ شَقِيًّا ﴿٤﴾ وَإِنِّي خِفْتُ ٱلْمَوَٰلِيَ مِن وَرَآءِى وَكَانَتِ
ٱمْرَأَتِي عَاقِرًا فَهَبْ لِي مِن لَّدُنكَ وَلِيًّا ﴿٥﴾ يَرِثُنِي وَيَرِثُ مِنْ ءَالِ يَعْقُوبَ ۖ
وَٱجْعَلْهُ رَبِّ رَضِيًّا ﴿٦﴾

"എന്റെ രക്ഷിതാവേ, എന്റെ എല്ലുകൾ ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. തലയാണെങ്കിൽ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എന്റെ രക്ഷിതാവേ, നിന്നോട് പ്രാർഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല. എനിക്ക് പിറകെ വരാനുള്ള ബന്ധുമിത്രാദികളെപ്പറ്റി എനിക്ക് ഭയമാകുന്നു. എന്റെ ഭാര്യയാണെങ്കിൽ വന്ധ്യയുമാകുന്നു. അതിനാൽ നിന്റെ പക്കൽ നിന്ന് നീ എനിക്ക് ഒരു ബന്ധുവെ (അവകാശിയെ) നൽകേണമേ, എനിക്ക് അവൻ അനന്തരവകാശിയായിരിക്കും. യഅ്ഖൂബ് കുടുംബത്തിനും അവൻ അനന്തരവകാശിയായിരിക്കും. എന്റെ രക്ഷിതാവേ, അവനെ നീ (ഏവർക്കും) തൃപ്തിപ്പെട്ടവനാക്കുകയും ചെയ്യേണമേ."(മർയം:4-6)

رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ ٱلْوَٰرِثِينَ ﴿٨٩﴾

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയ വിശാലത നല്കേണമേ എന്നെ ഏകനായി (പിൻതുടർച്ചക്കാരില്ലാതെ) വിടരുതേ അനന്തരവകാശമെടുക്കുന്നതിൽ ഏറ്റവും ഉത്തമൻ നീയാണല്ലോ." (അൻബിയാഅ്:89)

قَالَ رَبِّ ٱشْرَحْ لِي صَدْرِي ﴿٢٥﴾ وَيَسِّرْ لِيٓ أَمْرِي ﴿٢٦﴾ وَٱحْلُلْ عُقْدَةً مِّن لِّسَانِي
﴿٢٧﴾ يَفْقَهُوا۟ قَوْلِي ﴿٢٨﴾ وَٱجْعَل لِّي وَزِيرًا مِّنْ أَهْلِي ﴿٢٩﴾

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയ വിശാലത നല്കേണമേ എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിതരേണമേ, ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിനായി എന്റെ നാവിൽ നിന്ന് 'കെട്ട്'ഴിച്ചു തരേണമേ, എന്റെ കുടുംബത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപ്പെടുത്തുകയും ചെയ്യേണമേ."(ത്വാഹാ:25-29)

وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّي مَسَّنِيَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾

"അയ്യൂബിനേയും (ഓർക്കുക)തന്റെ രക്ഷിതാവിനെ വിളിച്ചു കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം!എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ."(അൻബിയാഅ്:83).

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِي
ٱلظُّلُمَٰتِ أَن لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ

“ദുന്നൂനിനെയും(ഓർക്കുക)അദ്ദേഹം കുപിതനായി പോയികളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാകുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു:നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.”(അൻബിയാഅ്:87)

قُل رَّبِّ إِمَّا تُرِيَنِّي مَا يُوعَدُونَ ﴿٩٣﴾ رَبِّ فَلَا تَجْعَلْنِي فِي الْقَوْمِ الظَّالِمِينَ ﴿٩٤﴾

“നബിയേ പറയുക:എന്റെ രക്ഷിതാവേ, ഇവർക്കു താക്കീത് നൽകപ്പെടുന്ന ശിക്ഷ നീ എനിക്ക് കാണുമാറാക്കുകയാണെങ്കിൽ. എന്റെ രക്ഷിതാവേ, നീ എന്നെ അക്രമികളായ ജനതയുടെ കൂട്ടത്തിൽ പെടുത്തരുതേ.”(മുഅമിനൂൻ: 93,94)

وَقُل رَّبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ ﴿٩٧﴾ وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ﴿٩٨﴾

“നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. അവർ(പിശാചുക്കൾ) എന്റെയടുത്ത് സന്നിഹിതരാവുന്നതിൽ നിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു.”(മുഅമിനൂൻ97,98)

അല്ലാഹുവിന്റെദൃഷ്ടാന്തങ്ങളെ നിഷേധിച്ചു തള്ളിയിരുന്നില്ലേ എന്ന്ചോദിക്കപ്പെടുമ്പോൾ നരകവാസികൾ പറയും:

رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَالِّينَ ﴿١٠٦﴾ رَبَّنَا أَخْرِجْنَا مِنْهَا فَإِنْ عُدْنَا فَإِنَّا ظَالِمُونَ ﴿١٠٧﴾

“ഞങ്ങളുടെ രക്ഷിതാവേ,ഞങ്ങളുടെ നിർഭാഗ്യം ഞങ്ങളെ അതിജയിച്ചു കളഞ്ഞു. ഞങ്ങൾ വഴിപിഴച്ച ഒരു ജനവിഭാഗമായിപോയി. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ ഇതിൽ നിന്നും പുറത്തുകൊണ്ടുവരേണമേ. ഇനി ഞങ്ങൾ(ദുർമാർഗത്തിലേക്ക് തന്നെ)മടങ്ങുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും. ”(മുഅമിനൂൻ:106,107)

رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١٠٩﴾

ന“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ.” (മുഅമിനൂൻ:109)

وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١١٨﴾

“നബിയേ പറയുക: എന്റെ രക്ഷിതാവേ, നീ പൊറുത്തു തരികയും കരുണകാണിക്കുകയും ചെയ്യേണമേ, നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ (മുഅ്മിനൂൻ:118)

رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരക ശിക്ഷനീ ഒഴിവാക്കിതരേണമേ. തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു തീർച്ചയായും അത്(നരകം)ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു.”(ഫുർഖാൻ:65,66)

رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.”(ഫുർഖാൻ:74)

ദുഷിച്ച വചനത്തെ ഉപമിക്കാവുന്നതാവട്ടെ, ഒരു ദുഷിച്ച വൃക്ഷത്തോടാകുന്നു. ഭൂതലത്തിൽ നിന്ന് അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിന് യാതൊരു നിലനിൽപ്പുമില്ല.

رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿٨٣﴾ وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ ﴿٨٤﴾ وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾ وَٱغْفِرْ لِأَبِىٓ إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ ﴿٨٦﴾ وَلَا تُخْزِنِى يَوْمَ يُبْعَثُونَ ﴿٨٧﴾

"എന്റെ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ, പിൽകാലക്കാർക്കിടയിൽ എനിക്ക് നീ സദ്കീർത്തി ഉണ്ടാക്കേണമേ, എന്നെ നീ സുഖസമ്പൂർണ്ണമായ സ്വർഗത്തിന്റെ അവകാശികളിൽപെട്ടവനാക്കേണമേ എന്റെ പിതാവിനു നീ പൊറുത്തുകൊടുക്കേണമേ. തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലായിരിക്കുന്നു. അവർ(മനുഷ്യർ) ഉയർന്നെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ." (ശുഅറാഅ്:83,87)

رَبِّ إِنَّ قَوْمِى كَذَّبُونِ ﴿١١٧﴾ فَٱفْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ
ٱلْمُؤْمِنِينَ ﴿١١٨﴾

"എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത എന്നെ നിഷേധിച്ചു തള്ളിയിരിക്കുന്നു. അതിനാൽ എനിക്കും അവർക്കുമിടയിൽ നീ ഒരു തുറന്ന തീരുമാനമെടുക്കുകയും എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ."(ശുഅറാഅ്:117,118)

رَبِّ نَجِّنِى وَأَهْلِى مِمَّا يَعْمَلُونَ ﴿١٦٩﴾

"എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തേയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നു നീ രക്ഷപ്പെടുത്തേണമേ." (ശുഅറാഅ്:169)

رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ
صَٰلِحًا تَرْضَىٰهُ وَأَدْخِلْنِى بِرَحْمَتِكَ فِى عِبَادِكَ ٱلصَّٰلِحِينَ ﴿١٩﴾

"എന്റെ രക്ഷിതാവേ,എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സദ്കർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ." (നംല്:19)

قَالَ ٱلَّذِى عِندَهُۥ عِلْمٌ مِّنَ ٱلْكِتَٰبِ أَنَا۠ ءَاتِيكَ بِهِۦ قَبْلَ أَن يَرْتَدَّ إِلَيْكَ طَرْفُكَ ۚ فَلَمَّا
رَءَاهُ مُسْتَقِرًّا عِندَهُۥ قَالَ هَٰذَا مِن فَضْلِ رَبِّى لِيَبْلُوَنِىٓ ءَأَشْكُرُ أَمْ أَكْفُرُ ۖ وَمَن
شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ رَبِّى غَنِىٌّ كَرِيمٌ ﴿٤٠﴾

"വേദത്തിൽ നിന്നുള്ള വിജ്ഞാനം കരഗതമാക്കിയിട്ടുള്ള ആൾ പറഞ്ഞു:താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരുന്നതിന് മുമ്പായി ഞാനത് താങ്കൾക്ക് കൊണ്ടുവന്ന് തരാം.അങ്ങനെ അത്(സിംഹാസനം) തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ നന്ദികാണിക്കുമോ അതല്ല, നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കുവാനായി എന്റെ രക്ഷിതാവ് എനിക്കു നൽകിയ അനുഗ്രഹത്തിൽ പെട്ടതാകുന്നു ഇത്. വല്ലവനും നന്ദികാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്.വല്ലവനും നന്ദികേട് കാണിക്കുന്നപക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉത്കൃഷ്ടനുമാകുന്നു."(നംല്:40)

ٱلْحَمْدُ لِلَّهِ وَسَلَٰمٌ عَلَىٰ عِبَادِهِ ٱلَّذِينَ ٱصْطَفَىٰٓ ۗ ءَآللَّهُ خَيْرٌ أَمَّا يُشْرِكُونَ ﴿٥٩﴾

"അല്ലാഹുവിന് സ്തുതി. അവൻ തെരെഞ്ഞെടുത്ത അവന്റെ ദാസൻമാർക്ക് സമാധാനം. അല്ലാഹുവാണോ ഉത്തമൻ അതല്ല, (അവനോട്)അവർ പങ്കുചേർക്കുന്നവയോ?"(നംല്:59)

رَبِّ إِنِّى ظَلَمْتُ نَفْسِى فَٱغْفِرْ لِى

"എന്റെ രക്ഷിതാവേ,തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ."(ക്വസ്വസ്:16)

رَبِّ بِمَآ أَنْعَمْتَ عَلَىَّ فَلَنْ أَكُونَ ظَهِيرًا لِّلْمُجْرِمِينَ ﴿١٧﴾

"എന്റെ രക്ഷിതാവേ,നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതു കൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്ക് സഹായം നൽകുന്നവനാകുകയില്ല."(ക്വസ്വസ്:17)

رَبِّ ٱنصُرْنِى عَلَى ٱلْقَوْمِ ٱلْمُفْسِدِينَ ﴿٣٠﴾

“അദ്ദേഹം പറഞ്ഞു:എന്റെ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്കെതിരിൽഎന്നെ നീ സഹായിക്കേണമേ.” (അൻകബൂത്ത്:30)

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ
وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ
أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا
تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

“തന്റെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശ്വാസിച്ചിരിക്കുന്നു. അവന്റ മാതാവ് പ്രയാസ പ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ, ഗർഭകാലവും മുല കുടി നിർത്തലും കൂടി മുപ്പത്മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും നാൽപതു വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും:എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപെടുന്ന സദ്കർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിതരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.”(അഹ്കാഫ്: 15)

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِىٓ إِبْرَٰهِيمَ وَٱلَّذِينَ مَعَهُۥٓ إِذْ قَالُوا۟ لِقَوْمِهِمْ إِنَّا بُرَءَٰٓؤُا۟
مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ ٱللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ ٱلْعَدَٰوَةُ
وَٱلْبَغْضَآءُ أَبَدًا حَتَّىٰ تُؤْمِنُوا۟ بِٱللَّهِ وَحْدَهُۥٓ إِلَّا قَوْلَ إِبْرَٰهِيمَ لِأَبِيهِ لَأَسْتَغْفِرَنَّ لَكَ
وَمَآ أَمْلِكُ لَكَ مِنَ ٱللَّهِ مِن شَىْءٍ ۖ رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ
رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٤﴾

“നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം:‘നിങ്ങളുമായും അല്ലാഹുവിന്നു പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായ ബന്ധത്തിൽ നിന്നും തീർച്ചയായും ഞങ്ങൾ ഒഴിവായവരായിരുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.’ തീർച്ചയായും ഞാൻ താങ്കൾക്കുവേണ്ടി പാപമോചനം തേടാം. താങ്കൾക്കുവേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല എന്ന് ഇബ്റാഹിം തന്റെ പിതാവിനോട് പറഞ്ഞ വാക്കൊഴികെ’(അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപ്പിക്കുകയും നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിന്നിലേക്ക് തന്നെയാണ് തിരിച്ചുവരവ്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങലെ നീ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ, തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും.”(മുംതഹന:4,5)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ تُوبُوٓاْ إِلَى ٱللَّهِ تَوۡبَةٗ نَّصُوحًا عَسَىٰ رَبُّكُمۡ أَن يُكَفِّرَ عَنكُمۡ
سَيِّـَٔاتِكُمۡ وَيُدۡخِلَكُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ يَوۡمَ لَا يُخۡزِي
ٱللَّهُ ٱلنَّبِيَّ وَٱلَّذِينَ ءَامَنُواْ مَعَهُۥۖ نُورُهُمۡ يَسۡعَىٰ بَيۡنَ أَيۡدِيهِمۡ وَبِأَيۡمَٰنِهِمۡ
يَقُولُونَ رَبَّنَآ أَتۡمِمۡ لَنَا نُورَنَا وَٱغۡفِرۡ لَنَآۖ إِنَّكَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٨

‘‘സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മാച്ചുകളയുകയും താഴ്ഭഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരേയും അപമാനിക്കാത്ത ദിവസത്തിൽ. അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതു വശങ്ങളിലൂടെയും സഞ്ചരിക്കും. അവർ പറയും:ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ചുതരികയും , ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.”(തഹ്രീം:8)

“നൂഹ് പറഞ്ഞു:എന്റെ രക്ഷിതാവേ, ഭൂമുഖത്ത് സത്യനിഷേധിക ളിൽപ്പെട്ട ഒരു പൗരനെയും നീ വിട്ടേക്കരുതേ. തീർച്ചയായും നീ അവരെ വിട്ടേക്കുകയാണെങ്കിൽ നിന്റെ ദാസൻമാരെ അവർ പിഴപ്പിച്ചു കളയും. ദുർവൃത്തനും സത്യനിഷേധിക്കുമല്ലാതെ അവർ ജൻമം നൽകുകയില്ല. എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾ ക്കും എന്റെ വീട്ടിൽ വിശ്വാസിയായികൊണ്ട് പ്രവേശിച്ചവന്നും സത്യ വിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേ ണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർധിപ്പിക്കരുതേ.” (നൂഹ്:26)

قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾ ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

“(നബിയേ)പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ(ആർ ക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി)ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും തന്നെ ഇല്ലതാനും.” (ഇഖ്ലാസ്:1-4)

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾ مِن شَرِّ مَا خَلَقَ ﴿٢﴾ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾ وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

“പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും, ഇരുളടയു മ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും,കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും. അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും.” (ഫലക്:1-5)

قُلْ أَعُوذُ بِرَبِّ ٱلنَّاسِ ﴿١﴾ مَلِكِ ٱلنَّاسِ ﴿٢﴾ إِلَٰهِ ٱلنَّاسِ ﴿٣﴾ مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ﴿٤﴾ ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ﴿٥﴾ مِنَ ٱلْجِنَّةِ وَٱلنَّاسِ ﴿٦﴾

“പറയുക: മനുഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനും നടത്തി പിൻമാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിൽപെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്.”(നാസ്:1-6)

قُلْ إِنَّنِي هَدَىٰنِي رَبِّيٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ دِينًا قِيَمًا مِّلَّةَ إِبْرَٰهِيمَ حَنِيفًا ۚ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٦١﴾ قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ﴿١٦٣﴾

“പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു:വക്രതയില്ലാത്ത മതത്തിലേക്ക്, നേർമാർഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്; അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. പറയുക:തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്)കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.” (അൻആം:161–163)

قَالَ رَبِّ ٱغْفِرْ لِى وَلِأَخِى وَأَدْخِلْنَا فِى رَحْمَتِكَ ۖ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿١٥١﴾

“അദ്ദേഹം (മൂസാ)പറഞ്ഞു: എന്റെ രക്ഷിതാവേ,എനിക്കും എന്റെ സഹോദരനും നീ പൊറുത്തുതരികയും ഞങ്ങളെ നീ നിന്റെ ‘കാരുണ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. നീ പരമകാരുണികനാണല്ലോ.”(അഅ്റാഫ്:151)

وَٱخْتَارَ مُوسَىٰ قَوْمَهُۥ سَبْعِينَ رَجُلًا لِّمِيقَٰتِنَا ۖ فَلَمَّآ أَخَذَتْهُمُ ٱلرَّجْفَةُ قَالَ رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّٰىَ ۖ أَتُهْلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ مِنَّآ ۖ

“നമ്മുടെ നിശ്ചിത സമയത്തേക്ക് മൂസാ തന്റെ ജനങ്ങളിൽ നിന്ന് എഴുപത് പുരുഷൻമാരെ തെരെഞ്ഞെടുത്തു. എന്നിട്ട് ഉഗ്രമായ കുലുക്കം അവർക്ക് പിടിപെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:എന്റെ രക്ഷിതാവേ,

നീ ഉദ്ദേശിച്ചിരുന്നെങ്കിൽ മുമ്പ് തന്നെ അവരെയും എന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലെ മൂഢൻമാർ പ്രവർത്തിച്ചതിന്റെ പേരിൽ.”(അഅ്റാഫ്:155)

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى
ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ
أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ
كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٢٥٥﴾

“അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്ന വൻ എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവനിഛിക്കു ന്നതല്ലാതെ (മറ്റൊന്നും)അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളു ന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.”(ബക്വറ:255)

# 'ഞങ്ങൾക്കുവേണ്ടിയും പ്രാർഥിക്കണേ'

നാം നിത്യേന പലതവണ കേൾക്കുന്ന ഒരപേക്ഷയാണ് 'പ്രാർഥിക്കണേ' എന്നത്. നാമെല്ലാം നമുക്ക് ബന്ധമുള്ളവരോടു നമുക്കുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടാറുണ്ട്.

വിഷമങ്ങൾ ലഘൂകരിക്കാനും ആവശ്യങ്ങൾ നേടാനും അങ്ങനെ പല ആവശ്യങ്ങൾക്കും വേണ്ടി നാം നമുക്കു ബന്ധമുള്ളവരോട് പ്രാർഥിക്കാൻ ആവശ്യപ്പെടാറുണ്ട്. പ്രാർഥിക്കാൻ ആവശ്യപ്പെടുന്നതും ആവശ്യപ്പെട്ടവർക്കുവേണ്ടി പ്രാർഥിക്കുന്നതും മതം അംഗീകരിച്ചിട്ടുള്ളതാണ്. പ്രാർഥന മനസ്സിന്റെ അർപ്പണവും ആശ്വാസവുമാണ്. പ്രാർഥന കടലിന്റെ സാന്ത്വനപ്പെടുത്തൽ പോലെയാണ്.തിരയടിച്ച് കരയോടടുക്കുന്ന സമുദ്രം, മണലിലിരുന്ന് പലരും വരച്ചുകൂട്ടിയ വരകൾ മാത്രമല്ല മായ്ച്ചുകളയുന്നത്. അനേകരുടെ മനസ്സിലെ കറകളും വേദനകളുമാണ്. തിരയടിക്കുന്ന സമുദ്രം കരയെപ്പോലെ മനസ്സുകളെയും കഴുകിവൃത്തിയാക്കുകയാണ്. ഒരാൾ മറ്റൊരാളോട് 'എനിക്കു വേണ്ടി പ്രാർഥിക്കണേ' എന്നു പറയുമ്പോൾ പറയപ്പെടുന്ന ആൾക്ക് അതൊരു ബാധ്യത ആയിത്തീരുകയാണ്; പറയുന്നവർക്ക് ആശ്വാസവും. പ്രാർഥന കടലിന്റെ തിരയടിക്കലും സാന്ത്വനിപ്പിക്കലുമാണ് എന്നു പറഞ്ഞത് അതുകൊണ്ടാണ്.

ഇമാം ഔസാഈ, തന്നോടു പ്രാർഥിക്കാൻ ആവശ്യപ്പെട്ട ആൾക്കുവേണ്ടി പ്രാർഥിക്കുന്നതിനെക്കുറിച്ചു വിശദീകരിക്കവേ പറയുന്നു: പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ സദാ നിറഞ്ഞിരിക്കുന്നുണ്ട്. എന്നാൽ ചെറിയൊരു കാറ്റടിച്ചാൽ മതി, അങ്ങിങ്ങായി പറ്റിപിടിച്ചിരിക്കുന്ന പൊടിപടലങ്ങൾ ഇളകിമറിഞ്ഞ് നമ്മുടെ കണ്ണിലും മൂക്കിലും വസ്ത്രത്തിലും വന്നു വീഴുകയായി, അതു നമ്മെ അസ്വസ്ഥമാക്കുന്നു. വസ്ത്രത്തിൽ പിടിച്ച പൊടിപടലങ്ങൾ നാം ഉടൻ തട്ടിയും കുടഞ്ഞും ഒഴിവാക്കിനോക്കും. മുഖം കഴുകിവൃത്തിയാക്കും നാം. അപ്പോൾ ലഭിക്കുന്ന ഉണർവ്വ് വല്ലാത്ത ഉണർവായിരിക്കും.

വീട്ടിലോ ജോലിസ്ഥലത്തോ ആയിരുന്നാലും വാതിലും ജനലും തുറന്നിട്ടിരിക്കും നാം. ശുദ്ധവായുവും വെളിച്ചവും വരാനും നമ്മെ അന്വേഷിച്ചുവരുന്നവർക്ക് വിഷമമുണ്ടാവാതിരിക്കാനുമാണത്.

എന്നാൽ പൊടിപടലങ്ങൾ ഇളക്കിമറിച്ചു അടിച്ചുവീശുന്ന കാറ്റേറ്റാൽ നാം വാതിലും ജനലും കൊട്ടിയടക്കുകയായി. ഇപ്രകാരമാണ് ചെറിയ തെറ്റുകളും മനുഷ്യന്റെ ആവശ്യങ്ങളാകുന്ന വേദനകളും ഒരു ചെറുതെറ്റ് ഒരു തെറ്റുമാത്രമാണ്. അനേകം ചെറുതെറ്റുകൾ ഒന്നിക്കുമ്പോൾ അത് ജീവിതത്തിനു ഭാരമേൽപിക്കുന്ന വൻപാപമായിത്തീരും. ഒരു ചെറുതരി പൊടി സ്വതവേ ശല്യക്കാരനല്ല. എന്നാൽ അനേകം ചെറുതരി പൊടിപടലങ്ങൾ ഒത്തുകൂടുമ്പോൾ അത് അനേകർക്കു ശല്യമായിത്തീരുന്നു. പൊടിപിടിച്ച മനസ്സിന്റെ ശുദ്ധീകരണ പ്രക്രിയയാണ് പ്രാർഥന.

തന്റെ ആവശ്യങ്ങളും വേദനകളും മറ്റൊരാളോടു പങ്കുവെക്കുമ്പോൾ അനുഭവപ്പെടുന്ന മനസ്സുഖം ആരെയും പറഞ്ഞറിയിക്കാനാവില്ല. എനിക്കുവേണ്ടി അല്ലെങ്കിൽ എന്റെ പ്രശ്നത്തിൽ ഇയാളും കഴിയുന്നതു ചെയ്യുമെന്ന ആശ്വാസം. എന്റെ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടി ഇയാൾ ഇയാളുടെ ആവശ്യനിർവഹണത്തിനെന്നപോലെ അല്ലാഹുവോടു പ്രാർഥിക്കുമെന്ന പ്രത്യാശ. മുസ്‌ലിംകൾ തമ്മിൽ തമ്മിൽ പ്രാർഥിക്കാൻ ആവശ്യപ്പെടുമ്പോൾ ലൗകികവും ആത്മീയവുമായ നിർവൃതിയാണ് കൈവരുന്നത്. നാം ആവശ്യപ്പെട്ട കാര്യത്തിൽ, നാം ആവശ്യപ്പെട്ടയാൾ പ്രാർഥിക്കുമ്പോൾ ഈ ദുൻയാവിൽ ഞാൻ ഒറ്റക്കല്ല എന്ന ബോധ്യമാണുണ്ടാവുന്നത്. എന്റെ വേദനകൾ സ്വന്തം വേദനകളായി ഏറ്റെടുക്കുന്നവർ ഈ മണ്ണിലുണ്ടെന്നറിയുമ്പോൾ ആഹ്ലാദം കടലിലെന്നപോലെ തിരതല്ലും.

ഉമർ(റ)ഉംറക്കുപോകാനൊരുങ്ങിയപ്പോൾ ഉണ്ടായ ഒരു സംഭവം. അദ്ദേഹം നബി(സ്വ)യോട് യാത്രചോദിക്കാനെത്തി. നബി(സ്വ) അദ്ദേഹത്തെ യാത്രയാക്കിപോകുമ്പോൾ പറഞ്ഞു:'നിങ്ങളുടെ പ്രാർഥനയിൽ ഞങ്ങളെ മറക്കല്ലേ' എന്ന്.ഈ അഭ്യർഥന ഉമറി(റ)നെ പിടിച്ചുനിർത്തി. അതിനെക്കാൾ അദ്ദേഹത്തെ വീണ്ടും വീണ്ടും ആലോചിപ്പിച്ചത് നബി(സ)യുടെ അഭിസംബോധനാരീതിയാണ്."അഖീ" (എന്റെസഹോദരാ) എന്നു വിളിച്ചിട്ടാണ്'താങ്കളുടെ പ്രാർഥനയിൽ ഞങ്ങളെ മറക്കല്ലേ' എന്നു നബി(സ)അഭ്യർഥിച്ചത്. ഉമർ(റ)നബി(സ)യോടു തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് അഭ്യർഥിക്കാനിരിക്കുകയായിരുന്നിരിക്കണം. അതിനുമുമ്പേ നബി(സ്വ) യുടെ അഭ്യർഥന അങ്ങോട്ട്. ജീവിതത്തിലെ മനുഷ്യാവസ്ഥയുടെ കാര്യം ഇങ്ങനെയാണ്. 'എന്നെ മറക്കല്ലേ'എന്നല്ല'ഞങ്ങളെ മറക്കല്ലേ' എന്നാണ് നബി(സ) യുടെ അഭ്യർഥനയെന്നതു ശ്രദ്ധേയമാണ്.

പ്രാർഥനയിൽ മറ്റുള്ളവരുടെ കാര്യങ്ങൾ ഉൾപ്പെടുത്തിയതും ബന്ധുക്കളും സുഹൃത്തുക്കളും തമ്മിലെല്ലാം പ്രാർഥിക്കാൻ പരസ്പരം ആവശ്യപ്പെട്ടും കഴിഞ്ഞുകൂടുന്ന ജീവിതം. കൊച്ചുകൊച്ചു കാര്യങ്ങൾക്കുപോലും മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളപ്പോൾ നമുക്കെ

ങ്ങനെ നാമല്ലാത്തവരെ മറക്കാൻ കഴിയും? നമ്മോട് പ്രാർഥിക്കണ മെന്ന് ആവശ്യപ്പെട്ടവരുടെ വാക്കുകൾ എങ്ങനെ തള്ളാനാവും?

വിശുദ്ധ ക്വുർആനിലും ഹദീസുകളിലും വന്നിട്ടുള്ള അനേകം പ്രാർഥനകളുണ്ട്. അല്ലാഹുവോടു മാത്രം പ്രാർഥിക്കാൻ പ്രവാചകൻ മാർ മക്കളോടും ഉപദേശിച്ചതായി വിശുദ്ധക്വുർആനിലുണ്ട്.

ഇബ്റാഹീമും യഅ്ക്വൂബും അവരുടെ സന്തതികളോട് ഇത്(കീഴ്വണക്കം) ഉപദേശിക്കുകകൂടി ചെയ്തു. ''എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരെഞ്ഞെടുത്തു തന്നിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്പെടുന്നവരായി (മുസ്ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്.''

''എനിക്കുശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധി ക്കുക' എന്ന് യഅ്ക്വൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു:താങ്കളുടെ ആരാധ്യനും താങ്കളുടെ പിതാക്കളായ ഇബ്റാഹിമിന്റേയും ഇസ്മാഈലിന്റേയും ഇസ്ഹാക്വിന്റേയും ആരാധ്യനുമായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്നു കീഴ്പ്പെട്ടു ജീവിക്കുന്നവരായിരിക്കും.'' (അൽ ബക്വറ:132,133)